# മാസ്റ്റർ പ്ലാൻ

# സെന്റ് തോമസ് എച്ച്.എസ്.എസ്. തിരൂർ

# 2025-26

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : സെന്റ് തോമസ് എച്ച്.എസ്.എസ്.തിരൂർ |
| വിലാസം | : മുളങ്കുന്നത്തുക്കാവ് പി.ഒ, തൃശ്ശൂർ, 680581 |
| ഫോൺ | : 0487 2200730 |
| ഇ-മെയിൽ വിലാസം | : stthomashsthiroor@gmail.com |
| സ്കൂൾ കോഡ് | : 22022(എച്ച്.എസ്) 08209(എച്ച്.എസ്.എസ്.) |
| വിദ്യാഭ്യാസ ജില്ല | : തൃശ്ശൂർ |
| വിദ്യാഭ്യാസ ഉപജില്ല | : തൃശ്ശൂർ ഈസ്റ്റ് |
| ബി.ആർ.സി. | : ഒല്ലൂക്കര |
| ജില്ലാപഞ്ചായത്ത് | : തൃശ്ശൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : പുഴയ്ക്കൽ |
| ഗ്രാമപഞ്ചായത്ത് | : കോലഴി |

## ആമുഖം

തൃശ്ശൂർ ജില്ലയിലെ പഴക്കമേറിയതും വലുതുമായ വിദ്യാലയങ്ങളിലൊന്നാണ് തിരൂർ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ. കൂടുതൽ കുട്ടികളെ പത്താം ക്ലാസ് പരീക്ഷക്ക് ഇരുത്തി ഉന്നത വിജയം നേടികൊണ്ടിരിക്കുന്ന സ്കൂൾ എന്ന പ്രശസ്തിയും ഈ വിദ്യാലയത്തിനുണ്ട്. അഞ്ചു മുതൽ പ്ലസ് ടു വരെയുള്ള ക്ലാസ്സുകൾ ഇവിടെ പ്രവർത്തിക്കുന്നു. ഓരോ ക്ലാസിലും മലയാളം, ഇംഗ്ലീഷ് മീഡിയവുമുണ്ട്. അതുപോലെ മലയാളം ഒന്നാം ഭാഷയായി പഠിക്കുന്ന കുട്ടികൾ കൂടാതെ സംസ്കൃതം ഒന്നാം ഭാഷയായി പഠിക്കുന്നവരുമുണ്ട്.

ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ച് പഠിക്കുന്ന സമ്പ്രദായമാണ് ഇവിടെയുള്ളത്. വിദൂരദേശങ്ങളിൽ നിന്നുപോലും അറിവിന്റെ വെളിച്ചം തേടി കുട്ടികൾ ഇവിടെയെത്തുന്നു. വടക്കാഞ്ചേരി, പാർളിക്കാട് എന്നീ പ്രദേശങ്ങളിൽ നിന്ന് വിദ്യാർത്ഥികൾ ഇവിടെ വരുന്നുണ്ട്. പ്രധാന നിരത്തുകളിൽ നിന്ന് ഉള്ളിലേക്കു നീങ്ങിയുള്ള സ്ഥലങ്ങളിൽ നിന്നു പോലും കുട്ടികൾ ഇവിടെ പഠിക്കാൻ വരുന്നു. മലയോര മേഖലകളിലുള്ള അനേകം തലമുറകൾക്ക് വിദ്യ പകർന്ന് നൽകിയിട്ടുള്ളതാണ് ഈ പള്ളിക്കൂടം.

തൃശ്ശൂരിൽ നിന്ന് ഷൊർണ്ണൂരിലേക്കുള്ള റോഡിന്റെ അരികിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. സംസ്ഥാന പാതയുടെ ഓരത്തായതു കൊണ്ട് ഏതു സ്ഥലത്തു നിന്നും എത്തിപ്പെടാൻ വളരെ എളുപ്പം സാധിക്കുന്നു.

അനുദിനം മാറികൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വെയ്ക്കുന്നത് വികസനോന്മുഖമായ ഒരു സമൂഹ നിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. മികച്ചതും സുസ്ഥിരവുമായ ഭാവി കൈവരിക്കുന്നതിനായി 2015-ൽ യു.എൻ സുസ്ഥിര വികസനത്തിന്റെ 17 സൂചികകൾ സൂചിപ്പിക്കുകയും അവ നിർവ്വചിക്കുകയും ചെയ്തു. ദാരിദ്ര്യമില്ലായ്മ, വിശപ്പുരഹിതം, നല്ല ആരോഗ്യവും ക്ഷേമവും, ഗുണനിലവാരമുള്ള വിദ്യാഭ്യാസം , ലിംഗസമത്വം തുടങ്ങിയ 17 സൂചികകളിൽ നാലാമതായി പറഞ്ഞിരിക്കുന്ന ഗുണ നിലവാരമുള്ള വിദ്യാഭ്യാസം എന്നത് മറ്റെല്ലാത്തിന്റെയും അടിസ്ഥാനമായി വർത്തിക്കുന്നു. ഗുണ നിലവാരമുള്ള വിദ്യാഭ്യാസം എന്ന സൂചകത്തിന് പത്ത് ലക്ഷ്യങ്ങളും നിർവചിച്ചിട്ടുണ്ട്. എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണ നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്തപഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ദൗത്യം.

സംസ്ഥാനത്ത് നടപ്പിലാക്കിയ 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർവമായ ഉണർവ്വ് സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതിക രംഗത്തും അക്കാദമിക രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. പൊതുവിദ്യാലയങ്ങളിലേക്ക് മുൻ കാലങ്ങളിലില്ലാത്തവിധം ലക്ഷക്കണക്കിന് കുട്ടികൾ പുതിയതായി വന്നു ചേർന്നു. സമൂഹത്തിന് പൊതുവിദ്യാലയങ്ങളിലുള്ള വിശ്വാസം വർധിച്ചതിന്റെ വ്യക്തമായ സൂചനയാണിത്.

ദേശീയ-അന്തർ ദേശീയ തലങ്ങളിൽ നടന്ന വിവിധ പഠനങ്ങളിൽ കേരളം വിദ്യാഭ്യാസത്തിൽ ഏറെ മുന്നിലാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. സുസ്ഥിര വികസന സൂചികകളിൽ മേൽക്കൈ നേടുവാൻ നമ്മെ സഹായിച്ചത് പൊതുവിദ്യാഭ്യാസ രംഗത്തെ മുന്നേറ്റം കൂടിയാണ്.

ലോകത്തിനാകമാനം കേരളം മാതൃകയാണെന്ന് അഭിമാനം കൊള്ളുമ്പോഴും വിദ്യാഭ്യാസരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഒാരോ വിദ്യാർത്ഥിക്കും ദേശ, വർഗ്ഗ, വർണ, ലിംഗ ഭേദമന്യേ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാവേണ്ടതുണ്ട്.

നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മുൻവർ ഷങ്ങളിൽ വിദ്യാലയങ്ങൾ തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാനുകൾ വേണ്ടത്ര ഫലപ്രദമായി നടപ്പാക്കാൻ പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയ കാരണങ്ങളാൽ നമുക്ക് കഴിയാതെ വന്നിട്ടുണ്ട്.

പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ലോകത്താകമാനം വന്ന മാറ്റങ്ങൾ, കോവിഡാനന്തരം പഠനബോധന രീതികളിൽ വന്ന മാറ്റങ്ങൾ, സുസ്ഥിരവികസന സൂചികകൾ, സർക്കാർ നടപ്പാക്കുന്ന വിദ്യാകിരണം പദ്ധതി, കേന്ദ്ര സർക്കാരിന്റെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ സാധ്യതകൾ എന്നിവയെല്ലാം പരിഗണിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ വകുപ്പ്, എസ്.എസ്.കെ, എം.പി, എം.എൽ.എ, പി.ടി.എ. മറ്റ് സന്നദ്ധ സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിദ്യാഭ്യാസ പദ്ധതികളെ പരമാവധി പ്രയോജനപ്പെടുത്തുകയും അവയോട് ചേർന്നുള്ള പദ്ധതികൾ രൂപപ്പെടുത്തുകയും വേണം.

അഞ്ചു മുതൽ പ്ലസ് ടു വരെയുള്ള ക്ലാസുകളിലായി ആയിരത്തി നാനൂറ്റി എൺപത്തിയഞ്ച് വിദ്യാർത്ഥികൾ ഇവിടെയുണ്ട് . അഞ്ചാം ക്ലാസിൽ അഞ്ച് ഡിവിഷനുകളിലായി നൂറ്റി അറുപത് കുട്ടികൾ പഠിക്കുന്നു. ആറാം ക്ലാസിൽ ആറ് ഡിവിഷനുണ്ട്. നൂറ്റി ഏഴുപത്തിയെട്ട് കുട്ടികളാണുള്ളത്. ഏഴാം ക്ലാസ് അഞ്ച് ഡിവിഷൻ. ആകെ നൂറ്റി എഴുപത്തിയൊന്ന് കുട്ടികളുണ്ട്.

എട്ടാം ക്ലാസിൽ എട്ട് ഡിവിഷനുകളിലായി ഇരുനൂറ്റി എഴുപത്തിനാല് കുട്ടികൾ പഠിക്കുന്നു. ഒമ്പതാം ക്ലാസിൽ ആറു ഡിവിഷനുണ്ട്. ഇരുനൂറ്റി നാൽപത്തിയൊന്ന് വിദ്യാർത്ഥികളാണ്

ആകെയുള്ളത്. പത്താം ക്ലാസിൽ അഞ്ചു ഡിവിഷനുകളിലായി ഇരുനൂറ്റി ഇരുപത്തിനാല് കുട്ടികൾ പഠിക്കുന്നു.

ഹയർ സെക്കന്ററി രണ്ടു ബാച്ചുകളുണ്ട്. സയൻസ്, കൊമേഴ്സ് എന്നിവ. ഓരോന്നിലും അറുപതു കുട്ടികൾ വീതം ആകെ ഇരുനൂറ്റി മുപ്പത്തിയേഴ് കുട്ടികൾ പഠിക്കുന്നു.

| വിദ്യാർത്ഥികളുടെ എണ്ണം | | | | |
|---|---|---|---|---|
| സ്റ്റാൻഡേർഡ് | ഡിവിഷനുകളുടെ എണ്ണം | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
| 5 | 5 | 86 | 74 | 160 |
| 6 | 6 | 107 | 71 | 178 |
| 7 | 5 | 92 | 79 | 171 |
| 8 | 8 | 158 | 110 | 274 |
| 9 | 6 | 135 | 106 | 241 |
| 10 | 5 | 117 | 107 | 224 |
| | 35 | 695 | 553 | 1248 |

പ്രധാനധ്യാപികയുൾപ്പെടെ മുപ്പത് അധ്യാപകരാണ് ഹൈസ്കൂൾ വിഭാഗത്തിലുള്ളത്. അഞ്ച് ഓഫീസ് സ്റ്റാഫും ഉണ്ട്. അപ്പർ പ്രൈമറിയിൽ പതിനെട്ട് അധ്യാപകർ. ഹയർ സെക്കന്ററിയിൽ പന്ത്രണ്ട് അധ്യാപകരും രണ്ട് ലാബ് അസിസ്റ്റന്റും സേവനമനുഷ്ഠിക്കുന്നു. അങ്ങനെ എല്ലാ വിഭാഗങ്ങളിലുമായി അറുപത്തിയൊന്ന് അധ്യാപകരും ഏഴ് അനധ്യാപകരുമുണ്ട്. ആകെ അറുപത്തിയെട്ട് സ്റ്റാഫ് അംഗങ്ങളാണ് ഈ വിദ്യാലയ ത്തിലുള്ളത്.

മുപ്പത്തിയൊമ്പത് ക്ലാസ് മുറികളും സ്റ്റാഫ് റൂമും ലൈബ്രറിയും ലബോറട്ടറിയും ഇവിടെയുണ്ട്.

## വിദ്യാലയത്തിന്റെ ലഘുചരിത്രം

ഒരു നാടിന്റെ ചരിത്രം അവിടുത്തെ വിദ്യാലയങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. തിരൂർ എന്ന ദേശത്തിന്റെ ചരിത്രമെഴുതുമ്പോൾ ഒഴിവാക്കാനാവാത്ത പേരാണ് സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിന്റേത്. സ്കൂളിന്റെ ചരിത്രം പരിശോധിക്കുമ്പോൾ സെന്റ് തോമസ് പള്ളിയുടെ പേര് പറയാതിരിക്കാനാവില്ല. പള്ളിയുടെയും സ്കൂളിന്റെയും ചരിത്രം അത്രമേൽ പരസ്പര ബന്ധിതമാണ്.

1878-ലാണ് വിശുദ്ധ തോമാശ്ലീഹായുടെ നാമധേയത്തിൽ ഒരു പള്ളി തിരൂരിൽ സ്ഥാപിതമായത്. എങ്കിലും 27 വർഷത്തെ കാത്തിരിപ്പിനു ശേഷമാണ് ഇവിടെ ഒരു പള്ളിക്കൂടമുണ്ടായത്. അന്നത്തെ ദീർഘ വീക്ഷണമുള്ള ഇടവകക്കാരായ കാരണവൻമാരുടെ കഠിനാധ്വാനമാണ് 1915-ൽ സെന്റ് തോമസ് എൽ പി സ്കൂളിനു കാരണമായത്.

തിരൂർ പള്ളിനടയിൽ മെയിൻ റോഡിനു ചേർന്നുള്ള ഒരു പൂമരച്ചുവട്ടിലാണ് സ്കൂളിന്റെ ആരംഭം. 1916-ൽ ഇടവകക്കാരുടെ ആഗ്രഹ പ്രകാരം പള്ളിവികാരി പാലയൂർ മാത്തച്ചൻ പൂമരച്ചുവട്ടിൽ നിന്ന് പള്ളിവക ഓലമേഞ്ഞ ഷെഡ്ഡിലേക്ക് സ്കൂൾ പറിച്ചുനട്ടു. അങ്ങനെ പള്ളിക്കൂടം പള്ളിയുടെ സ്ഥാപനമായി. ഇത് തിരൂർ ദേശത്തിന്റെ തന്നെ പുരോഗതിലേക്കുള്ള ഒരു നാഴികക്കല്ലായിത്തീർന്നു.

കൃഷിപ്പണി ചെയ്തും ആടുമാടുകളെ മേച്ചും കാട്ടിൽ നിന്ന് വിറക് വെട്ടിക്കൊണ്ടു വന്നും തൃശ്ശൂരിൽ കൊണ്ടു പോയി വിറ്റുമാണ് അന്ന് തിരൂരും പരിസരത്തുമുള്ളവർ ജീവിച്ചിരുന്നത്. വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യമൊന്നും അവർ കൊടുത്തിരുന്നില്ല. ഈ അവസ്ഥയിൽ നാട്ടിലൊരു വിദ്യാലയം വന്നത് ആളുകൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭിക്കാനും അതിലൂടെ സാംസ്കാരികമായി ഉയരാനും കാരണമായി.

അന്ന് അര, ഒന്ന്, രണ്ട് ക്ലാസുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. രണ്ടാം ക്ലാസ് കഴിഞ്ഞാൽ തുടർ പഠനത്തിന് തൃശ്ശൂർക്കു പോകണം. ഏതാനും വർഷങ്ങൾക്കുള്ളിൽ മൂന്നും നാലും ക്ലാസ് ആരംഭിച്ചു. 1919-ലായിരുന്നു സ്കൂളിന് സർക്കാർ അംഗീകാരം കിട്ടിയത്. അക്കാലത്ത് നാലാം ക്ലാസ് കഴിഞ്ഞ് പ്രിപ്പറേറ്ററി ക്ലാസ് എന്നറിയപ്പെടുന്ന നാലര ക്ലാസ് ഉണ്ടായിരുന്നു. അവിടെയാണ് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ തുടക്കം 1925-ലാണ് നമ്മുടെ പള്ളിക്കൂടത്തിൽ പ്രിപ്പറേറ്ററി ക്ലാസ് തുടങ്ങുന്നത്.

1931-ൽ പോൾ അമ്പൂക്കനച്ചന്റെ കാലത്താണ് ലോവർ പ്രൈമറി സ്കൂൾ അപ്പർ പ്രൈമറി (ലോവർ സെക്കന്ററി)സ്കൂളായി ഉയർത്തപ്പെട്ടത്. ഈ കാലഘട്ടത്തിൽ തന്നെയാണ് ഹൈസ്കൂൾ

ബ്ലോക്കിൽ നിലനിന്നിരുന്ന പുരാതന ഒറ്റ നിലക്കെട്ടിടമായ 'ഇ' ബ്ലോക്ക് പണികഴിപ്പിച്ചത്. അന്ന് രാജ്യത്ത് ഏഴും പത്തും ക്ലാസുകളിൽ സർക്കാരിന്റെ പൊതു പരീക്ഷയായിരുന്നു.

1943-ലാണ് നാട്ടുകാരുടെ നേതൃത്വത്തിൽ പള്ളിയുടെ ഒത്താശയോടെ പള്ളിസ്ഥലത്ത് ഹൈസ്കൂൾ ആരംഭിക്കുന്നത്. തിരൂരിന്റെ വിദ്യാഭ്യാസ സാംസ്കാരിക ചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ വർഷമായിരുന്നു അത്. ആളൂർ കുരിയപ്പൻ ഫ്രാൻസിസ് പ്രഥമ മാനേജരും കെ.രാമപ്പണിക്കർ ആദ്യ ഹെഡ്മാസ്റ്ററുമായി. ഏഴാം ക്ലാസ് വരെ പള്ളിയുടെ നേരിട്ടുള്ള ഭരണത്തിലായിരുന്നു. 1925 മുതൽ 1945 വരെ ലോവർ, അപ്പർ പ്രൈമറി വിഭാഗത്തിന്റെ മാനേജരും ഹെഡ്മാസ്റ്ററും പള്ളി വികാരി പോൾ അമ്പൂക്കനച്ചനായിരുന്നു.

1945-ൽ നാട്ടുകാരുടെയും ഇടവകക്കാരുടെയും ആവശ്യപ്രകാരം ഹൈസ്കൂളിന്റെ സാരഥ്യം പള്ളി ഏറ്റെടുത്തു. ഹൈസ്കൂളിന്റെയും ലോവർ, അപ്പർ പ്രൈമറി സ്കൂളിന്റെയും മാനേജരായി പള്ളിവികാരി ചിറയത്ത് ജോൺ അച്ചൻ നിയമിതനായി. മുഴുവൻ സ്കൂളിന്റെയും പ്രധാനാധ്യാപകനായി എൻ. എസ്. പരമേശ്വരയ്യരെ നിയമിച്ചു.

ഈ കാലഘട്ടത്തിലാണ് കായികതാരങ്ങളുടെ പരിശീലനത്തിനായി സ്കൂൾഗ്രൗണ്ട് വിപുലപ്പെടുത്തിയത്. ഈ അവസരത്തിലാണ് ജോൺ അച്ചൻ സ്ഥലം മാറി പോയത്. തുടർന്ന് ആളൂർ പീറ്റർ അച്ചൻ തിരൂർ പള്ളി വികാരിയായി നിയമിതനായി. അങ്ങനെ 1947 ൽ പീറ്ററച്ചൻ സ്കൂളിന്റെ മാനേജരും ഹെഡ് മാസ്റ്ററുമായി.

നീണ്ട പതിനെട്ടു വർഷക്കാലം തിരൂർ സ്കൂൾ ആളൂർ പീറ്ററച്ചന്റെ സാരഥ്യത്തിനു കീഴിലായിരുന്നു. ഇക്കാലഘട്ടത്തിൽ സ്കൂളിനെ പഠന രംഗത്തും പാഠ്യേതരരംഗത്തും പേരുകേട്ട ഒരു വിദ്യാലയമായി ഉയർത്താൻ അദ്ദേഹത്തിനു കഴിഞ്ഞുവെന്നതിൽ തർക്കമില്ല. ജാതിമത വ്യത്യാസമില്ലാതെ എല്ലാ ആളുകളോടും ഒരുപോലെയാണ് അച്ചൻ പെരുമാറിയിരുന്നത്. ഇത് തിരൂർ ദേശത്ത് മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കാൻ കാരണമായി എന്നതിൽ സംശയമില്ല.

പഠനകാര്യത്തിലെന്ന പോലെ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും അദ്ദേഹം വളരെ ശ്രദ്ധാലുവായിരുന്നു. 1951-ൽ ന്യൂഹാൾ എന്ന പുതിയ കെട്ടിടം നിർമ്മിച്ചു. 1960-ൽ അച്ചന്റെ രജതജൂബിലി സ്മാരകമായി ജൂബിലി ഹാൾ എന്ന ഇരുനില കെട്ടിടം നിർമ്മിച്ചു. 1961-ൽ ലോവർ പ്രൈമറി വിഭാഗം ഹൈസ്കൂളിൽ നിന്നു വേർപ്പെടുത്തി വേറെ ഹെഡ്മാസ്റ്ററുടെ കീഴിലാക്കി.

ഇക്കാലത്താണ് കേന്ദ്രസർക്കാരിന്റെ കായിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എൻ.ഡി.എസ് നമ്മുടെ വിദ്യാലത്തിന് അനുവദിച്ചു കിട്ടിയത്. 1965-ൽ സ്തുത്യർഹമായ സേവനത്തിനു ശേഷം പീറ്ററച്ചൻ ഹെഡ്മാസ്റ്റർ സ്ഥാനം ഒഴിഞ്ഞു. പിന്നീട് സി.പി.ആന്റണി മാസ്റ്ററാണ് പുതിയ ഹെഡ്മാസ്ററററായി ചുമതലയേറ്റത്.

1966-ൽ തെക്കിനിയത്ത് ആന്റണി അച്ചൻ സ്കൂളിന്റെ മാനേജരായി സ്ഥാനമേറ്റടുത്തു. 1968-ൽ ഹൈസ്കൂൾ രജത ജൂബിലി സ്പോട്സ് നടത്തുകയുണ്ടായി.

1969-ൽ ഹൈസ്കൂളിന്റെ രണ്ടാമത്തെ ഇരുനില കെട്ടിടത്തിന്റെ ആദ്യഘട്ടം പണികഴിപ്പിച്ചു. അന്ന് അവിടെ വച്ചു നടത്തിയ ഗാന്ധി ജന്മശതാബ്ദി വാരാഘോഷവും ശാസ്ത്രസാഹിത്യ പ്രദർനവും വേറിട്ടൊരു അനുഭവമായിരുന്നു. കേരളത്തിലെ വിദ്യാലയങ്ങളിൽ ശാസ്ത്രപ്രദർശനങ്ങൾ വർഷം തോറും നടത്താൻ പ്രചോദനമായത് തിരൂരിലെ ഈ പ്രദർശനമായിരുന്നു. പുതിയതായി പണിയാരംഭിച്ച ഇരുനിലകെട്ടിടത്തിന്റെ പണി 1970-ൽ പൂർത്തിയായി. ഇതിനകം തന്നെ ഈ വിദ്യാലയം തൃശ്ശൂർ ജില്ലയിലെ വലിയ സ്കൂളുകളിൽ ഒന്നായി ഉയർന്നിരുന്നു. 1970-ൽ തന്നെ സ്കൂൾ മെത്രാസന കോർപറേറ്റ് മാനേജ്മെന്റിന്റെ കീഴിലായി.

1972-ൽ തൃശ്ശൂർ മോഡൽ ഗേൾസ് സ്കൂളിൽ വെച്ച് ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും തെരഞ്ഞടുക്കപ്പെട്ട 75 വിദ്യാർത്ഥികൾക്കും 15 അധ്യാപകർക്കുമായി നടത്തിയ അന്തർ സംസ്ഥാന ദേശീയോദ്ഗ്രഥന ക്യാമ്പിൽ ഈ വിദ്യാലയത്തിലെ അഞ്ചു വിദ്യാർത്ഥികൾക്കും രണ്ട് അധ്യാപകർക്കും പങ്കെടുക്കാൻ കഴിഞ്ഞത് ഏറെ അഭിമാനിക്കത്തക്ക നേട്ടമാണ്. തിരൂർ സെന്റ് തോമസ് സ്കൂളിനെ സംബന്ധിച്ചിടത്തോളം ഇത് ദേശീയ തലത്തിൽ കിട്ടിയ ഒരംഗീകാരം തന്നെയായിരുന്നു. ഈ വിദ്യാലയത്തിലെ ശാസ്ത്രാധ്യാപകൻ ശ്രീ. വി.ഗോപാല കൃഷ്ണമേനോൻ ക്യാമ്പിന്റെ മുഖ്യ സംഘാടകനായിരുന്നുവെന്നതും എടുത്തുപറയേണ്ടനേട്ടം തന്നെയാണ്.

1974-ൽ കുണ്ടുകുളം ട്രോഫി ഈ സ്കൂളിലെ വിദ്യാർത്ഥികൾ കരസ്ഥമാക്കി. 1975-ൽ നൃഹാളിനെയും കിഴക്കേ അറ്റത്തെ ക്ലാസ് മുറികളെയും യോജിപ്പിച്ച് മൂന്നു ക്ലാസുകൾ കൂടി പണിതു. തിരുവനന്തപുരത്തു വെച്ച് നടന്ന സംസ്ഥാനതല ശാസ്ത്രപ്രദർശനത്തിൽ നമ്മുടെ അധ്യാപകൻ അച്ചുതൻ മാസ്റ്റർ നേതൃത്വം നൽകിയ തിരൂർ ടീം ഒന്നാം സ്ഥാനം നേടിയതും ഇക്കാലത്തായിരുന്നു.

തിരൂർ സെന്റ് തോമസ് എൽ.പി. ഹൈസ്കൂളുകളിലായി ഇന്നു കാണുന്ന കെട്ടിട സമുച്ചയത്തിനു വഴിമരുന്നിട്ടത് 2009 ലാണ്. മാനേജർ ആയിരുന്ന ചാഴൂർ ജോസഫ് അച്ചൻ എൽ.പി.സ്കൂളിലെ പുതിയ കെട്ടിടത്തിന് ആ വർഷമാണ് തറക്കല്ലിട്ടത്. തുടർന്ന് 2010 ൽ

തേക്കാനത്ത് ആന്റണിയച്ചൻ ഇരുനിലകെട്ടിടത്തിന്റെ ഒരു ഭാഗം പണി പൂർത്തിയാക്കി. ഈ സമയത്താണ് പള്ളി വികാരിയും സ്കൂൾ മാനേജരുമായി വടക്കൂട്ട് ജെയിംസ് അച്ചൻ രംഗപ്രവേശം ചെയ്തത്. അച്ചന്റെ വരവ് പുതിയ കാലഘട്ടത്തിലെ സ്കൂളിലെ ഭൗതികവും വിദ്യാഭ്യാസപരവുമായ വളർച്ചക്ക് കാരണമായി.

1915-ൽ അരക്ലാസോടെ ആരംഭിച്ച തിരൂർ സെന്റ് തോമസ് സ്കൂൾ 2014 ആഗസ്റ്റ് 14 ന് ഹയർ സെക്കന്ററി വിഭാഗം ലഭിച്ചതോടെ അതിന്റെ ഏറ്റവും ഉയർന്ന തലത്തിലെത്തി. ആദ്യവർഷം സയൻസ് ബാച്ചും രണ്ടാം വർഷം കൊമേഴ്സ് ബാച്ചും അനുവദിച്ചതോടെ കേരള സർക്കാർ ഈ സ്കൂളിന്റെ ക്രമാനുഗതമായ വളർച്ച അംഗീകരിക്കുകയാണ് ചെയ്തത്.

2013 സെപ്റ്റംബർ 2-ാം തിയ്യതി തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചു. 2014 ആഗസ്റ്റ് 14-ാം തിയ്യതി മാർ ആൻഡ്രൂസ് താഴത്ത് കെട്ടിട സമുച്ചയത്തിന്റെ ആദ്യഭാഗത്തിന്റെ വെഞ്ചിരിപ്പും ആദ്യ പ്ലസ് ടു ബാച്ചിന്റെ പ്രവേശനോത്സവും നടത്തുകയുണ്ടായി.

കെട്ടിടങ്ങളുടെ രണ്ടാം ഭാഗം വെഞ്ചിരിപ്പ് 2016 ജനുവരി 21-ാം തിയ്യതി മാർ ജെയ്ക്കബ് തൂങ്കുഴി നിർവഹിച്ചു. 'ഇതൊക്കെ ദൈവത്തിന്റെ പരിപാലനയുടെയും ഇടവക ജനങ്ങളുടെ കൂട്ടായ കഠിനാധ്വാനത്തിന്റെയും ഫലമാണ്'' എന്നു പറഞ്ഞുകൊണ്ട് 2017 ജനുവരിയിൽ കെട്ടിടനിർമ്മാണം ജെയിംസച്ചൻ പൂർത്തിയാക്കി. 2017 ജനുവരി 18 ന് പുതിയ കെട്ടിടത്തിന്റെ ആശീർവാദവും ഉദ്ഘാടനവും മാർ റാഫേൽ തട്ടിൽ നിർവഹിച്ചു. 'ദൈവത്തിന്റെ അദൃശ്യമായ ഇടപെടൽ ഈ ദേശത്തുണ്ടായി' എന്ന് റാഫേൽ പിതാവ് അനുസ്മരിച്ചു.

കഴിഞ്ഞ 2011-2017 വിദ്യാലയത്തിന്റെ എല്ലാ കാര്യങ്ങളിലും ശ്രദ്ധിച്ച് പുരോഗമനപരമായ പ്രവർത്തനങ്ങൾ നടത്തികൊണ്ടിരുന്ന ജെയിംസ് വടക്കൂട്ടച്ചൻ തിളക്കമാർന്ന വിജയത്തിന്റെ സൂത്രധാരനാണ്. നിർമ്മാണ കാലഘട്ടത്തിലെ പ്രിൻസിപ്പാൾ ശ്രീ.ജസ്റ്റിൻ തോമസ് മാനേജ്മെന്റിന് പൂർണ്ണ പിന്തുണ നൽകിയിരുന്നു. തുടർന്ന് പ്രിൻസിപ്പാളായി വന്ന ഫാ.വർഗീസ് തരകൻ മികച്ച നേതൃത്വ ഗുണത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകി.

പ്രധാനാധ്യാപകൻ ശ്രീ.ജോഷി വി. ഡിയുട നേതൃത്വത്തിലുള്ള അധ്യാപകവൃന്ദം പഠനത്തോടൊപ്പം വിദ്യാർത്ഥികളിൽ അച്ചടക്കബോധവും ആതുര ശുശ്രൂഷാവാസനയും വളർത്തുന്നതിനായി പാഠ്യേതര പ്രവർത്തനങ്ങളും ഏകോപിപ്പിച്ചു കൊണ്ടുപോകുന്നു.

1915-ൽ തിരൂർക്കാർ തെളിയിച്ച വിദ്യാഭ്യാസ ദീപശിഖ ഈ 102-ാം വർഷത്തിലും അനേകായിരങ്ങൾ വെളിച്ചമേകി നിലകൊള്ളുന്നു. തലമുറകൾക്ക് വെളിച്ചമേകിക്കൊണ്ട് ഇനിയുള്ള കാലവും ഈ പള്ളിക്കൂടം ഇവിടെ നിലനിൽക്കട്ടെ!

## നമ്മുടെ വിദ്യാലയം മികവിന്റെ കേന്ദ്രം

പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്കും ഒരുപോലെ ശ്രദ്ധ നൽകി കൊണ്ടുള്ള അധ്യയനമാണ് ഇവിടെ നടത്തുന്നത്. ഈ രണ്ടു കാര്യ ങ്ങളിലും ഒരുപോലെ മികവു പുലർത്തുന്ന വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിന് അലങ്കാരമാണ്. കലോത്സവത്തിനും കായിക മത്സര ത്തിനും ശാസ്ത്രപ്രദർശനങ്ങൾക്കും പ്രവൃത്തി പരിചയമേളയ്ക്കും സമ്മാനങ്ങൾ നേടുന്ന ധാരാളം വിദ്യാർത്ഥികൾ ഇവിടെയുണ്ട്.

2001-2002 അധ്യയന വർഷത്തിൽ സ്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കുമായി കംപ്യൂട്ടർ പഠനം ആരംഭിച്ചു. നിരവധി കംപ്യൂട്ടറുകളുള്ള ഒരു ലാബ് അതിനുവേണ്ടി സജ്ജമാക്കി. 2004-2005 മുതൽ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ ആരംഭിച്ചു. തുടർ വർഷങ്ങളിൽ ആഴ്ചയിൽ രണ്ട് ദിവസം സ്പെഷൽ യൂണിഫോം നടപ്പിലാക്കി.

2013-2014 വർഷത്തിൽ 22 അംഗങ്ങളുള്ള മികച്ച ഒരു ബാന്റ് സംഘത്തിന് രൂപം കൊടുത്തു. സേവന തൽപരരായ 34 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ജൂനിയർ റെഡ്ക്രോസിന്റെ രണ്ട് യൂണിറ്റുകൾ രൂപീകരിച്ചു. ഏറെ ക്കാലത്തെ കാത്തിരിപ്പിനുശേഷം സ്കൂളിന് 2015-2016 ൽ സ്കൗട്ട് ആന്റ് ഗൈഡ്സ് യൂണിറ്റ് തുടങ്ങാനുള്ള അനുവാദം ലഭിച്ചു.

കുറച്ചു വർഷങ്ങളായി പത്താം ക്ലാസ് പരീക്ഷയിൽ ഉയർന്ന വിജയശതമാനമാണ് സ്കൂളിനു ലഭിച്ചുകൊണ്ടിരിക്കുന്നത്. 1997-1998 വർഷത്തിൽ സിമി ജോസ് എന്ന വിദ്യാർത്ഥിനി 600 ൽ 574 മാർക്കു നേടി 13-ാം റാങ്ക് കരസ്ഥമാക്കി.

2007-2008-ൽ ആദ്യമായി എസ്.എസ്.എൽ.സി.ക്ക് നൂറുശതമാനം വിജയം നേടി. തുടർന്ന് വന്ന വർഷങ്ങളിലും (രണ്ട് വർഷങ്ങൾ ഒഴികെ) ഇതേ നേട്ടം നിലനിർത്തി.2017-18 മുതൽ 2024-25 100% വിജയം നമ്മുടെ സ്കൂൾ നേടി മുന്നേറികൊണ്ടിരിക്കുന്നു.

മാനേജ്മെന്റ്, രക്ഷാകർത്താക്കൾ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ഈ വിദ്യാലയം ഇന്നത്തെ നിലയിൽ എത്തി ച്ചേർന്നിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ തന്നെ ഏറ്റവും അധികം കുട്ടികളെ പത്താം ക്ലാസ് പരീക്ഷക്ക് ഇരുത്തുകയും വിജയിപ്പിക്കുകയും ചെയ്യുന്ന വിദ്യാലയങ്ങളിലൊന്നാണ് സെന്റ് തോമസ് സ്കൂൾ.

വിദ്യാലയം മികവിന്റെ കേന്ദ്രമാക്കി മാറ്റുവാൻ അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണികളും പഠിതാവിന്റെ കഴിവനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പാക്കുവാൻ അധ്യാപകർ ശ്രമിക്കുന്നുണ്ട്. പഠന വിഷയങ്ങളിൽ ആശയ ദൃഢത ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. കണക്ക്, സയൻസ്, ഐ.ടി. എന്നീ വിഷയങ്ങളിൽ ധാരണയും കഴിവും വിദ്യാർത്ഥി ആർജിച്ചെടുക്കേണ്ടതാണ്.

പഠനത്തോടൊപ്പം പൊതുസമൂഹത്തെക്കുറിച്ചുള്ള ധാരണയും പരിസ്ഥിതി ജ്ഞാനവും നേടാൻ കഴിഞ്ഞെങ്കിലേ പഠിതാവിന് കാലത്തിനനുസരിച്ച് മുന്നേറാൻ കഴിയൂ. ഭാഷാജ്ഞാനവും ആശയവിനിമയ ശേഷിയും നേടുവാനുള്ള സാഹചര്യം ഒരുക്കികൊടുക്കണം. ഈ കാലയളവു കൊണ്ട് ഏറ്റവും ചുരുങ്ങിയത് മൂന്നു ഭാഷയെങ്കിലും പഠിതാവ് സ്വായത്തമാക്കേണ്ടതാണ്.

## നിലവിലെ അവസ്ഥാ വിശേഷം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോക ക്രമത്തിൽ സക്രിയയുമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

കേരളത്തിലെ ഓരോ വിദ്യാർത്ഥിയും തുല്യതയോടെ അതത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിനും നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാക്കേണ്ടതുണ്ട്.

വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു .വിദ്യാർഥികൾക്ക് ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമേ കലാകായിക പ്രവൃത്തി പരിചയം പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു. വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. സുസ്ഥിരവികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ കളി ഉപകരണങ്ങൾ, ഉദ്യാനം, മൈതാനം എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിന് ആകെ ഉപയോഗപ്രദമാകുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്ന വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ഓരോ വിദ്യാർത്ഥിയെയും ഓരോ യൂണിറ്റായി കണ്ടുകൊണ്ട്

അവരുടെ പരമാവധി വികാസം സാധ്യമാക്കുന്നതിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണനാർഹമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

കുട്ടിയുടെ കഴിവ് കേവലം പാഠ്യവിഷയങ്ങളിൽ മാത്രം ഒതുങ്ങാതെ സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസനം ലക്ഷ്യമാക്കുന്നതിലൂടെ യഥാർത്ഥ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്താണെന്ന് ബോധ്യപ്പെടുത്തികൊടുക്കുന്ന രീതിയിലുള്ള തായിരിക്കണം പഠനം. ഈ ലക്ഷ്യത്തിനനുസരിച്ച് പഠനം ക്രമീകരിക്കണമെങ്കിൽ അന്താരാഷ്ട്ര നിലവാരമുള്ള പഠനോപകരണങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. വിദ്യാർത്ഥികൾക്കും അധ്യാപർക്കും ഇത്തരം ഉപകരണങ്ങളുടെ ലഭ്യത ഉറപ്പ വരുത്തണം.

വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയെന്നത് ഏറ്റവും പ്രധാനമായ ഒരു കാര്യമാണ്. 'വിദ്യാലയം തന്നെ പാഠപുസ്തകം' എന്ന രീതിയിൽ വിദ്യാലയത്തെ രൂപപ്പെടുത്തേണ്ടതുണ്ട്. മറ്റൊരു പ്രധാന കാര്യം വിവിധ പഠന നിലവാരത്തിലുള്ള കുട്ടികളാണ്. അതുകൊണ്ട് എല്ലാത്തരക്കാരിലേക്കും അറിവ് എത്തിക്കുന്ന തരത്തിലുള്ള ബോധന സമ്പ്രദായം അത്യാവശ്യമാണ്. പിന്നോക്കം നിൽക്കുന്ന പഠിതാക്കളെ മുൻനിരയിലെത്തിക്കുവാനുള്ള പരിശ്രമങ്ങളെല്ലാം നടത്തേണ്ടതുണ്ട്. കൂടുതൽ വായനയ്ക്കും അനുഭവജ്ഞാനത്തിനുമായി വിദ്യാർ ത്ഥികൾക്ക് അവസരമൊരുക്കണം.

ഈ ലക്ഷ്യം സാധിക്കണമെങ്കിൽ നിലവാരമുള്ള വായനശാലയും ലബോറട്ടറിയും കൂടിയേ തീരൂ. അതിനനുസൃതമായ രീതിയിലുള്ള ലൈബ്രറിയും ലബോറട്ടറിയും തയ്യാറാക്കുന്നതിൽ വളരെ യധികം പ്രാധാന്യം കൊടുക്കേണ്ടതുണ്ട്.

വിദ്യാർത്ഥികളെ നന്മയിൽ നിലനിർത്തുന്നതിനും ശരിയായ ദിശാബോധം നൽകുന്ന തിനുമായി ആവശ്യമുള്ള കുട്ടികൾക്ക് കൗൺസലിംഗ് നൽകുന്നതിനുള്ള സംവിധാനവും ഒരുക്കേണ്ടതാണ്. വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറുമ്പോൾ വിദ്യാലയത്തിലെത്തുന്ന എല്ലാ വിദ്യാർത്ഥികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേയ്ക്ക് എത്തുവാൻ സാധിക്കും. അപ്പോഴേ വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യം പ്രാപ്യമാവൂ. അങ്ങനെ വിദ്യാലയം പൊതുസമൂഹത്തിന്റെ അംഗീകാരം പിടിച്ചുപറ്റുകയും ചെയ്യും.

## മികവിനായുള്ള പ്രവർത്തനങ്ങൾ

**ഇംഗ്ലീഷ്**

**പ്രവർത്തനം എ – ഒന്ന്**

**പേര്: ഞാനും മുന്നോട്ട്**

**മേഖല :അക്കാദമികം/ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതലയുള്ള അദ്ധ്യാപിക |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ-ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അക്ഷര കാർഡ് നൽകൽ<br>4. വാക്കുകൾ എഴുതിയ കാർഡ്<br>5. വാക്കുകൾ നിർമ്മിക്കുക<br>6.വാക്യങ്ങൾ നിർമ്മിക്കുക<br>7.ചിത്രം - അടിക്കുറിപ്പ്<br>8.ചിത്രം - കഥ പറയുക<br>9. കഥ ബാക്കി എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 2 മാസം | ലിറ്റി എം. ടി. |

**പ്രവർത്തനം എ – രണ്ട്**

**പേര് :വായിക്കുക, വളരുക**

**മേഖല :അക്കാദമികം/ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതലയുള്ള അദ്ധ്യാപിക |
|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1.വായനക്കൂട്ടം<br>2. വായനമൂല, ക്ലാസ് ലൈബ്രറി<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. വായനാനുഭവം പങ്കുവെക്കൽ<br>7. ദിനാചരണങ്ങൾ<br>8. ഇ - വായന | 6 മാസം | ഷാലി ആന്റോ |

പ്രവർത്തനം എ – മൂന്ന്

പേര് :ഞാൻ എഴുത്തുകാരൻ

മേഖല :അക്കാദമികം/ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതലയുള്ള അദ്ധ്യാപിക |
|---|---|---|---|
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ട രൂപീകരണം<br>2. ക്ലാസ് ലൈബ്രറി<br>3. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ്<br>4.വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ<br>5. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>6. വ്യക്തിഗത രചന, സംഘ രചന | 6 മാസം | ജി മിനി ജോർജ്ജ് |

പ്രവർത്തനം എ –നാല്

പേര് :എനിക്കും കഴിയും

മേഖല :അക്കാദമികം /ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർ ഘ്യം | ചുമതലയുള്ള അദ്ധ്യാപിക |
|---|---|---|---|
| കുട്ടിയെ ഇംഗ്ലീഷിൽ സംസാരിക്കാൻ പ്രാപ്തനാക്കുക | 1. വാചകക്കൂട്ടം<br>2. നിത്യജീവിതത്തിൽ ആവശ്യമായ ഇംഗ്ലീഷ് വാചകങ്ങൾ പരിചയപ്പെടുത്തുന്നു<br>3. സ്വയം പരസ്പരം പരിചയപ്പെടുത്തി സംസാരിക്കാൻ പ്രേരിപ്പിക്കുന്നു<br>4. അഭിമുഖം<br>5. നിമിഷ പ്രസംഗം | 6 മാസം | ലിറ്റി എം. ടി. |

പ്രവർത്തനം എ – അഞ്ച്

പേര് :ശബ്ദവും വെളിച്ചവും

മേഖല :അക്കാദമികം/ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതലയുള്ള അദ്ധ്യാപിക |
|---|---|---|---|
| ദൃശ്യശ്രാവ്യ അനുഭവങ്ങൾ | 1. ഓഡിയോ, വീഡിയോ സംവിധാനങ്ങൾ ഉപയോഗിച്ച് അനുഭവങ്ങൾ നല്കുക<br>2. ബി.ആർ.സി വാർത്ത കണ്ട് പിന്നേറ്റ് അവതരണം | 6 മാസം | സോണിയ വർഗ്ഗീസ് |

പ്രവർത്തനം എ – ആറ്
പേര്: വിവിധ പഠന പ്രവർത്തനങ്ങൾ

മേഖല :അക്കാദമികം/ഇംഗ്ലീഷ്

**1.Picture card.**
**2.Word pictures.**
**3.Formation of letter using animal cartoons.**
**4.Caption of pictures.**
**5.Special classes for slow learners.**
**6.Reading corner, reading library.**
**7.Book review collections.**
**8.Personal essays.**
**9.Conversations to spoken in English on daily basis.**
**10Audio-Video aids.**
**11.Charts.**
**12.Story completion.**
**13.Story retelling.**
**14.Literary quiz.**
**15.Collection of works of Nobel Prize Winners in English.**
**16.Formal and informal letters.**
**17.Character sketches.**
**18.Grammar made easy.**

**G Mini George.**

## സാമൂഹ്യശാസ്ത്രം

**പ്രവർത്തനം എ – ഏഴ്**

**പേര് :മുന്നോട്ട്**

**മേഖല :അക്കാദമികം/സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| പഠനപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1.പ്രീ -ടെസ്റ്റ്<br>2.സാമൂഹ്യശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ<br>3.ചിത്രങ്ങൾ,വീഡിയോകൾ മുതലായവ നിരീക്ഷിച്ച് അഭിപ്രായങ്ങൾ അവതരിപ്പിക്കൽ<br>4. ഗാനങ്ങൾ, ലഘുവിവരണങ്ങൾ, സ്കിറ്റുകൾ എന്നിവയിലൂടെ നേടിയ അറിവുകളുടെ അവതരണം<br>5. നേടിയ അറിവുകളുടെ വിവരണം തയ്യാറാക്കൽ | 2 മാസം | പ്രിൻസി ആന്റണി കെ |

**പ്രവർത്തനം എ – എട്ട്**

**പേര് :പരീക്ഷണ നിരീക്ഷണം**

**മേഖല :അക്കാദമികം/സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ |

പ്രവർത്തനം എ – ഒൻപത്

പേര് :പരിസ്ഥിതിയിൽ നിന്ന്

മേഖല :അക്കാദമികം/സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| സാമൂഹ്യപാഠ വിഷയങ്ങൾ ചുറ്റുപാടുകളുമായി ബന്ധപ്പെട്ടും മറ്റുമേഖലകളിൽ നിന്ന് ശേഖരിച്ചും മനസ്സിലാക്കുന്നു | 1. കാലാവസ്ഥ, പരിസ്ഥിതി മാറ്റങ്ങൾ, മനുഷ്യ പ്രവർത്തനങ്ങൾ എന്നിവയിലെ മാറ്റങ്ങൾ തിരിച്ചറിയുന്നു.<br>2. സ്വന്തം രാജ്യത്തിലെയും മറ്റ രാജ്യങ്ങളിലെയും മഹാൻമാരുടെ സംഭാവനകൾ തിരിച്ചറി യുന്നതിനും അവരുടെ സ്വാധീനം വിലയിരുത്തുന്നതിനും<br>3. ഭൂപട വായന, വ്യത്യസ്ത ഭൂപടങ്ങൾ തിരിച്ചറിയൽ<br>4. എെ.സി.ടി. സാദ്ധ്യതകൾ ഉപയോഗിച്ച് പുതിയ വീഡിയോകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, ഭൂപടങ്ങൾ എന്നിവ തയ്യാറാക്കുന്നു.<br>5. ഡിജിറ്റൽ ആൽബം പ്രോജക്റ്റുകൾ, ആൽ ബങ്ങൾ, മോഡലുകൾ, പതിപ്പുകൾ, കൈയ്യെഴുത്തു പ്രതികൾ എന്നിവ തയ്യാറാക്കുന്നു | ഒരു വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

പ്രവർത്തനം എ – പത്ത്

പേര് :ചരിത്രാവബോധം

മേഖല :അക്കാദമികം/സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക.ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | കാടും മേടും:ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തിയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ. |

പ്രവർത്തനം എ – പതിനൊന്ന്

പേര്: കാലാവസ്ഥ പഠനം

മേഖല :അക്കാദമികം/സോഷ്യൽ സയൻസ്

കാലാവസ്ഥ വ്യതിയാനം

കാലാവസ്ഥ വ്യതിയാനത്തെകറിച്ചും അതുണ്ടാക്കുന്ന ദുരന്തങ്ങളെക്കുറിച്ചും നാം നിരന്തരം കേട്ടുകൊണ്ടിരിക്കുന്നു. കാലാവസ്ഥ വ്യതിയാനം കേരളത്തിൽ ആരംഭിച്ചു കഴിഞ്ഞതിന്റെ ലക്ഷണങ്ങൾ നാം കണ്ടു കൊണ്ടിരിക്കുന്നു . പേമാരിയും പ്രളയവും സൂര്യഘാതവുമെല്ലാം കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലങ്ങളാണ്.കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനും അതിനു ചെയ്യാവുന്ന പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ആയി കാലാവസ്ഥ വ്യതിയാനം പ്രോജക്ക് തയ്യാറാക്കാം.

## പ്രവർത്തനങ്ങൾ

ഓരോ മാസത്തെയും മഴയുടെ അളവ്, മഴ പെയ്യുന്ന ദിവസങ്ങൾ, വെയിൽ വരുന്ന ദിവസങ്ങൾ സൂര്യന്റെ സ്ഥാനം.

കഴിഞ്ഞ കാലങ്ങളിൽ നിന്ന് മഴക്കാലം, വേനൽക്കാലം, കാലങ്ങളിൽ ഉണ്ടായ പ്രകടമായ മാറ്റങ്ങൾ,ഏറിവരുന്ന പ്രകൃതി ദുരന്തങ്ങൾ, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം , ചുഴലിക്കാറ്റ് ,ന്യൂനമർദ്ദം കാരണങ്ങൾ

കാലാവസ്ഥ കാരണങ്ങൾ കണ്ടെത്തൽ

ആഗോളതാപനം

മനുഷ്യന്റെ അശാസ്ത്രീയമായ ഇടപെടലുകൾ

ഭൂമി, ചന്ദ്രൻ ,സൂര്യൻ ,ഭ്രമണം, പരിക്രമണം കാലാവസ്ഥയെ സ്വാധീനിക്കുന്നത് എങ്ങനെ?

കാലാവസ്ഥ വ്യതിയാനം വിദ്യാർത്ഥികൾക്ക് ചെയ്യാവുന്ന പരിഹാരമാർഗ്ഗങ്ങൾ.

പ്രവർത്തനം എ - പന്ത്രണ്ട്

പേര് : പ്രതിഭാപോഷണ പരിപാടി

മേഖല: അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| വിദ്യാർത്ഥികൾക്ക് വിദഗ്ധ പരിശീലനവും ക്ലാസുകളും നൽകൽ | ഗണിതത്തിൽ മികവാർന്ന നിലവാരം പുലർത്തുന്നതിന് കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസുകൾ, ക്വിസ് എന്നിവ ഒഴിവുദിനങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | ജോഫി റാഫേൽ |

പ്രവർത്തനം എ - പതിമൂന്ന്

പേര് : ഗണിതശാസ്ത്ര യാത്രകൾ

മേഖല: അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ | കുസാറ്റിലെ ഗണിത ശാസ്ത്ര ലാബ് നിരീക്ഷിക്കുന്നതിനുള്ള പഠന യാത്രകൾ | പ്രതിവർഷം ഒരു യാത്ര | റെനി കെ പയസ്സ് |

പ്രവർത്തനം എ - പതിനാല്

പേര് : മേളകൾ

മേഖല: അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| ഗണിത പ്രവർ ത്തനങ്ങൾ മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സീന എം.എ. |

പ്രവർത്തനം എ പതിനഞ്ച്

പേര് :മധുരം ഗണിതം

മേഖല:അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർ ഘ്യം | ചുമതല |
|---|---|---|---|
| *ഗണിത പഠനം ലളിതമാണെന്ന് തിരിച്ചറിഞ്ഞ് അത് ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുന്നു. *I C T സാധ്യതകൾ പരമാവധി | Puzzle നിർമ്മാണം , ഗണിതകേളി , ശില്പശാല, ഗണിതഗാനം, കുട്ടിക്കവിതകളുടെ ശേഖരണം, കണക്കിലെ കളികളുടെ ശേഖരണം , ഗണിത ശാസ്ത്രജ്ഞൻമാരുടെ സംഭാവനകൾ, സെമിനാർ , ക്വിസ്, ഗണിതോത്സവം എന്നിവ സംഘടിപ്പിക്കുന്നു. * മട്ടകോണിന്റെയും മട്ടങ്ങളുടെയും | ഒരു വർഷം | സി.മേരി ഷീന |

| | | | |
|---|---|---|---|
| ഉപയോഗിച്ച് ഗണിത പഠനം ലളിതമാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുന്നു . *രക്ഷിതാക്കളുടെ പിന്തുണ ഗണിതപഠനത്തിൽ ഉറപ്പുവരുത്തുന്നു. | ഉപയോഗം മനസ്സിലാക്കൽ, കംപ്യൂട്ടർ ഉപയോഗിച്ച് ഗണിതരൂപങ്ങൾ പരിചയപ്പെടുത്തൽ വർക്ക് ഷീറ്റ് നിർമിച്ച് പതിപ്പ് തയ്യാറാക്കുന്നു. | | |

പ്രവർത്തനം എ - പതിനാറ്

പേര് : ഗണിത ശാസ്ത്ര ദിനാചരണങ്ങൾ

മേഖല: അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| ഗണിത ശാത്രജ്ഞൻമാരെ മനസ്സിലാക്കൽ | ജൂൺ മുതൽ മാർച്ച് വരെ ഗണിതശാസ്ത്ര ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | ലിയ സിനോ |

പ്രവർത്തനം എ - പതിനേഴ്

പേര് : ഒറിഗാമി ശിൽപ്പശാല

മേഖല: അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ജപ്പാനീസ് കലയായ ഒറിഗാമിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | അജിൻ ജോർജ്ജ് |

പ്രവർത്തനം എ - പതിനെട്ട്

പേര് :ഗണിത ലാബ് സജ്ജീകരിക്കൽ

മേഖല:അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| ഗണിത പഠന പ്രവർ ത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ. ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസര ണം | റെനി കെ പയസ്സ് |

പ്രവർത്തനം എ - പത്തൊമ്പത്

പേര് :ഗണിത പാർക്ക്

മേഖല:അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| ഗണിതം മധുരതരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിതക്ലബ്ബ് |

## ശാസ്ത്രം

പ്രവർത്തനം എ - ഇരുപത്

പേര് :ജൈവ വൈവിധ്യ പാർക്ക്

മേഖല:അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| ശാസ്ത്രം മധുരതരമാക്കൽ | ജൈവ വൈവിധ്യത്തിന് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് തോട്ടം സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഇക്കോ ക്ലബ്ബ് |

പ്രവർത്തനം എ - ഇരുപത്തൊന്ന്

പേര് : ജൈവ വൈവിധ്യ പാർക്ക്

മേഖല: അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർ ഘ്യം | ചുമതല |
|---|---|---|---|
| ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് |

പ്രവർത്തനം എ - ഇരുപത്തിരണ്ട്

പേര് : ശാസ്ത്രപോഷണ പരിപാടി

മേഖല: അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർ ഘ്യം | ചുമതല |
|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രജന നന്മ എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ, ക്വിസ്, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ്ബ് |

പ്രവർത്തനം എ - ഇരുപത്തിമൂന്ന്

പേര് : പ്രതിഭാപോഷണ പരിപാടി

മേഖല: അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന കുട്ടികൾ ക്കായി പ്രത്യേക പരിശീലന ക്ലാസുകൾ | അവധി ദിവസങ്ങൾ | എസ്.ആർ.ജി. എസ്.എസ്.ജി |

പ്രവർത്തനം എ - ഇരുപത്തിനാല്

പേര് : ശാസ്ത്രയാത്രകൾ

മേഖല: അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | കുസാറ്റിലെ ശാസ്ത്ര സമൂഹ കേന്ദ്രം, ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠന യാത്രകൾ | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ്ബ് പി.ടി.എ. |

പ്രവർത്തനം എ – ഇരുപത്തിയഞ്ച്

പേര് : മേളകൾ

മേഖല: അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| ശാസ്ത്രം പ്രവർ ത്തനമാണ് എന്ന് മനസ്സിലാക്കുക | ലഘുപരീക്ഷണങ്ങൾ കുട്ടികൾ തയ്യാറാക്കികൊണ്ടു വരുന്നു.ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു | പ്രതിമാസം | സയൻസ് അധ്യാപകർ |

പ്രവർത്തനം എ – ഇരുപത്തിയാറ്

പേര് : ശാസ്ത്ര ക്വിസ്

മേഖല: അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർ ത്തുക | സ്കൂൾതല ശാസ്ത്ര ക്വിസ് +മോഡൽ പ്രദർശനം | മാസത്തിൽ 1 വീതം | സയൻസ് അധ്യാപകർ |

പ്രവർത്തനം എ – ഇരുപത്തിഏഴ്

പേര് :ശാസ്ത്രാവബോധം

മേഖല: അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| ശാസ്ത്രാവബോധം വളർത്തൽ | ബുള്ളറ്റിൻ ബോർഡ് -ശാസ്ത്രവുമായി ബന്ധപ്പെട്ട വാർത്തകൾ ശേഖരിക്കുന്നു. ബുള്ളറ്റിൻ ബോർഡിൽ കുട്ടികൾ ഒട്ടിക്കുന്നു | ഓരോ ആഴ്ചയിലും എല്ലാ മാസത്തിലും | സയൻസ് ക്ലബ്ബ് |

പ്രവർത്തനം എ – ഇരുപത്തിയെട്ട്

പേര് : പഠനത്തിലെ പഠാനുഭവം

മേഖല: അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| വിദ്യാർത്ഥികളുടെ പ്രവർത്തനം | ബയോളജി വിഡിയോ, | മാസത്തിൽ ഒരു തവണ | ബയോളജി , സയൻസ് ക്ലബ് |

പ്രവർത്തനം എ – ഇരുപത്തിയൊൻപത്

പേര് : സൗരോർജ്ജ പാനൽ

മേഖല:അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | വിദ്യാലയത്തിലെ അടുക്കളയിലെ പാചകത്തിനാവശ്യമായ ബയോഗ്യാസ് ഉൽപ്പാദനം. ഓഡിറ്റോറിയത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കാൻ | 3 വർഷം | പി.ടി.എ. |

പ്രവർത്തനം എ – മുപ്പത്
പേര്:ഊർജ്ജസംരക്ഷണം
മേഖല:അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത കുട്ടികളെ ബോധ്യപ്പെടുത്തുക. | ഇലക്ട്രിസിറ്റി ബിൽ ( വീടുകളിലെ) കുട്ടികൾ പരിശോധിക്കുന്നു. വൈദ്യുതോപകരണങ്ങളുടെ അനാവശ്യ ഉപയോഗം നിയന്ത്രിക്കുന്നു. ഇലക്ട്രിസിറ്റി ബില്ലിലെ മാറ്റം നിരീക്ഷിക്കുന്നു . വ്യത്യാസം ബോധ്യപ്പെട്ട് മറ്റുള്ളവർക്ക് ബോധവൽക്കരണം നൽകുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | എനർജി ക്ലബ്ബ് |

പ്രവർത്തനം എ – മുപ്പത്തിയൊന്ന്
പേര്:പാരമ്പര്യ വളപ്രയോഗം
മേഖല:അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| രാസവളത്തിന്റെ ദോഷവശങ്ങളെ അറിയുന്നതിനും ജൈവവളത്തിന്റെ മേന്മകൾ തിരിച്ചറിയുന്നതിന് | പ്രവർത്തനം ഓരോ വീട്ടിലെയും അടുക്കളയിൽ നിന്നും അഴുകുന്ന ജൈവമാലിന്യങ്ങളെ ശേഖരിക്കുന്നു . ഒഴിഞ്ഞ സ്ഥലത്ത് വായവട്ടമുള്ള ഒരു പൈപ്പ് കുഴിച്ചിടുന്നു.ഓരോ ദിവസത്തെയും മാലിന്യങ്ങൾ നിക്ഷേപിക്കുന്നു . ഒരു മാസത്തിനു ശേഷം പൈപ്പിനുള്ളിലെ അഴുകി വളമായി തീർന്ന മാലിന്യങ്ങൾ ചെടികൾക്ക് വളമായി ഇട്ടുകൊടുക്കുന്നു | മാസം തോറും | ട്വിൻസി എ. ടി. |

| | | | |
|---|---|---|---|
| | മാറ്റങ്ങൾ നിരീക്ഷിക്കുന്നു മാസംതോറും ചുമതല –ഇക്കോ ക്ലബ്ബ് | | |

**പ്രവർത്തനം എ – മുപ്പത്തിരണ്ട്**

**പേര് : ശാസ്ത്രമാസിക**

**മേഖല: അക്കാദമികം/ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| ശാസ്ത്രപതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാഗസിൻ, ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ | ആറ് മാസത്തിൽ ഒരിക്കൽ | സയൻസ് ക്ലബ്ബ് |

## സംസ്കൃതം

**പ്രവർത്തനം എ – മുപ്പത്തിമൂന്ന്**

**പേര് : അക്ഷരമാല**

**മേഖല: അക്കാദമികം/സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതലയുള്ള അധ്യാപിക |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരം ഉറപ്പിക്കൽ, എല്ലാ ദിവസവും അക്ഷരമാല എഴുതിക്കണം, സ്വര ചിഹ്നങ്ങൾ ചേർത്ത് എഴുതൽ, അക്ഷര കാർഡ് നിർമ്മാണം, അക്ഷര കാർഡുകളുപയോഗിച്ച് അക്ഷരമാല ക്രമീകരിക്കൽ, പദകാർഡുകളും നിർമ്മാണം, വാക്യ രചന. പാദ ടിപ്പണി എഴുതിക്കൽ, കഥാകഥനം, കഥാലേഖനം, ചിത്രകഥാ നിർമ്മാണം, കഥാപുസ്തക വചനം, സി ഡി യിൽ ചിത്രങ്ങൾ പ്രദർശിപ്പിച്ച് പദങ്ങൾ വാചകങ്ങൾ എന്നിവ പറയിക്കുകയും എഴുതിക്കുകയും ചെയ്യുന്നു. വ്യാകരണ | 1 വർഷം | വിജിത എൻ നായർ പി |

| | | | |
|---|---|---|---|
| | ക്ലാസുകൾ നൽകി വാചകരചനാ വൈഭവം വർദ്ധിപ്പിക്കുന്നു. ചെറിയ സന്ദർഭങ്ങൾ നൽകി സംസ്കൃതത്തിൽ സംഭാഷണം ചെയ്യിക്കുന്നു വാക്കുകളെ അക്ഷരമാലാ ക്രമത്തിലാക്കുന്നു. ഭാഷാപരമായ പിന്നോക്കാവസ്ഥയിലുള്ളവർക്ക് പ്രത്യേകം ക്ലാസ് നൽകുന്നു | | |

**പ്രവർത്തനം എ – മുപ്പത്തിനാല്**

**പേര് : വായന**

**മേഖല: അക്കാദമികം/സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതലയുള്ള അധ്യാപിക |
|---|---|---|---|
| കുട്ടികളുടെ വായനാഭിരുചി മെച്ചപ്പെടുത്തുന്നു | കുട്ടികൾക്ക് വായിച്ച് മനസ്സിലാക്കാവുന്ന തരത്തിലുള്ള സംസ്കൃത കഥാപുസ്തകങ്ങളും, കവിതാ പുസ്തകങ്ങളും ,മാസികകളും, ആനുകാലികങ്ങളും ലഭ്യമാക്കുന്നു. ഇ-വായനയെ പ്രോൽസാഹിപ്പിക്കുന്നു. സംസ്കൃത സിനിമകളും ഡോക്യുമെന്ററികളും പ്രദർശിപ്പിക്കുന്നു | 1 വർഷം | വിജിത എൻ നായർ പി |

**പ്രവർത്തനം എ – മുപ്പത്തിയഞ്ച്**

**പേര് : ലേഖനം**

**മേഖല:അക്കാദമികം/സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതലയുള്ള അധ്യാപിക |
|---|---|---|---|
| സംസ്കൃത ഭാഷാഭിരുചി വർദ്ധിപ്പിക്കാൻ | കഥ, കവിത മുതലായവയുടെ ഓഡിയോ, വീഡിയോ പ്രദർശിപ്പിക്കുന്നു | മാസത്തിൽ ഒരു തവണ | വിജിത എൻ നായർ പി |

പ്രവർത്തനം എ – മുപ്പത്തിയാറ്

പേര് : സംഭാഷണം

മേഖല: അക്കാദമികം/സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| സംസ്കൃതമയ മാസാചരണം സൃഷ്ടിക്കൽ | സംസ്കൃതത്തിലുള്ള വാർത്തകൾ പ്രദർശിപ്പിക്കുകയും കേൾപ്പിക്കുകയും ചെയ്യുന്നു (ആകാശവാണി, ടെലിവിഷൻ) സംസ്കൃത സംഭാഷണ ശിബിര ക്ലാസുകൾ സംഘടിപ്പിക്കുന്നു. | വർഷത്തിലൊരിക്കൽ | സംസ്കൃത ക്ലബ്ബ് |

പ്രവർത്തനം എ – മുപ്പത്തിയേഴ്

പേര് : സംഭാഷണ ക്യാമ്പ്

മേഖല: അക്കാദമികം/സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതലയുള്ള അധ്യാപിക |
|---|---|---|---|
| കളികളിലൂടെ സംസ്കൃത പാഠനം | ക്രീഡോത്സവം എന്ന പേരിൽ ഏകദിന ക്യാമ്പുകൾ സംഘടിപ്പിക്കുന്നു, വിവിധതരം സംസ്കൃത കളികളിലൂടെ ഭാഷയെ പരിചയപ്പെടുത്തുന്നു. പരിശീലിപ്പിക്കുന്നു. പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നു | വർഷത്തിൽ ഒരു തവണ | വിജിത എൻ നായർ പി |

പ്രവർത്തനം എ – മുപ്പത്തിയെട്ട്

പേര് : സംസ്കൃത അസംബ്ലി

മേഖല: അക്കാദമികം/സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| സഭാകമ്പമില്ലാതെ അവതരിപ്പിക്കാനുള്ള ശേഷി നേടൽ | സംസ്കൃത അസംബ്ലി സംഘടിപ്പിക്കുന്നു. (പ്രാർത്ഥന,സുഭാഷിതം, അമൃത വചനം, വാർത്താ വചനം മുതലായവ) | മാസത്തിൽ ഒരു തവണ | സംസ്കൃത കൗൺസിൽ |

പ്രവർത്തനം എ – മുപ്പത്തിയൊൻപത്

പേര് : ഐ. സി. ടി. സാധ്യത

മേഖല: അക്കാദമികം/സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതലയുള്ള അധ്യാപിക |
|---|---|---|---|
| സംസ്കൃത പഠനത്തിന് കംപ്യൂട്ടർ ഉപയോഗപ്പെടുത്തുന്നു | സംസ്കൃതം ടൈപ്പിംഗ് പരിചയപ്പെടുത്തൽ, ഫ്ലാഷ് കാർഡുകളുടെ നിർമ്മാണം, നവവാണി സൈറ്റ് കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. അതിലെ പ്രോഗ്രാമുകളും വീഡിയോകളും കുട്ടികൾക്കായി പ്രദർശിപ്പിക്കുന്നു | മാസത്തിലൊരിക്കൽ | വിജിത എൻ നായർ പി |

പ്രവർത്തനം എ – നാൽപത്

പേര് : ഔഷധത്തോട്ടം

മേഖല: അക്കാദമികം/സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| പ്രകൃതി സംരംക്ഷണം (പ്രായോഗിക പരിജ്ഞാനം) | അഭ്യാസ പുസ്തകങ്ങൾ പരിശീലിപ്പിക്കുന്നു. സന്ധി, സമാസം, വൃത്തം, അലങ്കാരം എന്നിവ പരിചയപ്പെടുത്തുന്നു. വിദ്യാലയത്തിൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നല്ല ഒരു ഔഷധത്തോട്ടം നിർമ്മിക്കുന്നു. നാടൻ ഔഷധ സസ്യങ്ങളെക്കുറിച്ചും ആയുർവേദത്തിൽ അതിന്റെ പ്രാധാന്യത്തെക്കുറിച്ചും മനസ്സിലാക്കിക്കുന്നു | ഒരു വർഷം | സംസ്കൃത കൗൺസിൽ |

പ്രവർത്തനം എ – നാൽപത്തിയൊന്ന്

പേര് :നക്ഷത്ര വൃക്ഷങ്ങളെ  പരിചയപ്പെടുത്താൻ

മേഖല: അക്കാദമികം/സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതലയുള്ള അധ്യാപിക |
|---|---|---|---|
| വൃക്ഷ സംരക്ഷണം (പ്രായോഗിക പരിജ്ഞാനം) | ജന്മനക്ഷത്രങ്ങൾ പരിചയപ്പെടുത്തുന്നു. ഓരോ നക്ഷത്രക്കാരും നട്ടു പരിപാലിക്കേണ്ട വൃക്ഷങ്ങൾ ഏതെല്ലാമാണെന്ന് പരിചയപ്പെടുത്തുന്നു. നക്ഷത്ര വൃക്ഷങ്ങളുടെ ചാർട്ടുകൾ പ്രദർശിപ്പിക്കുന്നു. സാധ്യമെങ്കിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു. | ഒരു മാസം | വിജിത എൻ നായർ പി |

## ഹിന്ദി

പ്രവർത്തനം എ – നാൽപത്തിരണ്ട്

പേര് : വർണ്ണമാല

മേഖല: അക്കാദമികം/ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതലയുള്ള അധ്യാപകർ |
|---|---|---|---|
| ഹിന്ദി എഴുത്തും വായനയും അറിയാൻ | എല്ലാ ദിവസവും മൂന്ന് പദവും അതിന്റെ അർത്ഥവും നോട്ടീസ് ബോർഡിൽ എഴുതിയിടുന്നു. വിദ്യാർത്ഥികൾ തങ്ങളുടെ പുസ്തകത്തിൽ എഴുതി പഠിക്കുന്നു | 10 മാസം | ബിജു ആന്റണി , ജോസ് പോൾ സി |

പ്രവർത്തനം എ – നാൽപ്പത്തിമൂന്ന്

പേര് : വാചക നിർമ്മാണം

മേഖല: അക്കാദമികം/ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതലയുള്ള അധ്യാപകർ |
|---|---|---|---|
| വാചക ഘടനയിലേക്കൊരു കാൽവെപ്പ് | വാക്കുകൾ നൽകി വാചകങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു | 6 മാസം | ഗ്ലോറി കെ. സി. ജോസ് പോൾ സി |

പ്രവർത്തനം എ – നാൽപത്തിനാല്

പേര് : വ്യാകരണ പംക്തി

മേഖല: അക്കാദമികം/ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർ ഘ്യം | ചുമതലയുള്ള അധ്യാപകർ |
|---|---|---|---|
| ശുദ്ധമായ ഭാഷാശൈലി കരസ്ഥമാക്കാൻ | വിവിധ കാലങ്ങളിലുള്ള വാചകങ്ങൾ നല്കി കാലങ്ങളെ തിരിച്ചറിയുന്നു | 3 മാസം | ബിജു ആന്റണി<br>ഗ്ലോറി കെ. സി. |

പ്രവർത്തനം എ – നാൽപത്തിയഞ്ച്

പേര് : സാഹിത്യ അഭിരുചി

മേഖല: അക്കാദമികം/ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർ ഘ്യം | ചുമതലയുള്ള അധ്യാപകർ |
|---|---|---|---|
| ഭാഷാ നിപുണത കൈവരിക്കാൻ | കഥ, കവിതാരചനകൾ നിർ വ്വഹിക്കുന്നതിനാവശ്യമായ നിർ ദ്ദേശങ്ങൾ നൽകി മത്സരങ്ങൾ നടത്തുന്നു | 1 മാസം | ഗ്ലോറി കെ. സി.<br>ജോസ് പോൾ സി |

പ്രവർത്തനം എ –നാൽപത്തിയാറ്

പേര് : ഓരോ വിദ്യാർത്ഥിക്കും ഓരോ നിഘണ്ടു

മേഖല: അക്കാദമികം/ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർ ഘ്യം | ചുമതലയുള്ള അധ്യാപകർ |
|---|---|---|---|
| അക്ഷരങ്ങളെ ക്രമപ്പെടുത്താനുള്ള ശേഷി നേടുന്നു | തുടർച്ചയായി നൽകി വരുന്ന പദങ്ങളും വിദ്യാർത്ഥികൾക്ക് പാഠഭാഗത്തു വരുന്ന ശബ്ദങ്ങളും പദങ്ങളും ചിട്ടയായി ക്രമപ്പെടുത്തി നിഘണ്ടു നിർമ്മിക്കുന്നു | ഒരു മാസം | ബിജു ആന്റണി<br>ഗ്ലോറി കെ. സി. |

പ്രവർത്തനം എ –നാൽപത്തിയേഴ്

പേര് : സുഗമം-ഹിന്ദി

മേഖല: അക്കാദമികം/ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതലയുള്ള അധ്യാപകർ |
|---|---|---|---|
| *അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ<br>*ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക<br>* എല്ലാ കുട്ടികളും അർത്ഥ പൂർണ്ണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക<br>*ഭാഷാശേഷി വകസനത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുക | അക്ഷരമെഴുത്ത് , അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്,വാക്യ നിർമ്മാണം, നിഘണ്ടു നിർമ്മാണം, ഡയറി,കത്ത് ,സംഭാഷണം, ഐ.ടി.സി സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം, വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങളുടെ പട്ടിക തയ്യാറാക്കുക,CWSN കുട്ടിക ളുടെ പങ്കാളിത്തം തുടങ്ങിയവ | ഒരുവർഷം | ബിജു ആന്റണി<br>നീതു റോസ് ടി.ജെ. |

## മലയാളം

പ്രവർത്തനം എ – നാൽപത്തിയെട്ട്

പേര് : അക്ഷരമാല

മേഖല: അക്കാദമികം/മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതലയുള്ള അധ്യാപകർ |
|---|---|---|---|
| അക്ഷരം ഉറപ്പിക്കൽ | അക്ഷരമാല കൃത്യമായി പഠിപ്പിക്കൽ<br>സ്വരം, വ്യഞ്ജനം എന്നിവ വേർത്തിരിക്കൽ.<br>ഖരം, അതിഖരം, മൃദു ഘോഷം,എന്നിവ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുക | 3 മാസം | സിന്ധു ഫ്രാൻസിസ്<br>ബെൻസി ടി.വി.<br>പ്രീതി |

| | | | |
|---|---|---|---|
| | ഖരം + ഹ = അതിഖരം<br>ഉദാ: ക + ഹ = ഖ<br>മൃദു + ഹ = ഘോഷം<br>ഉദാ : ഗ + ഹ =ഘ | | |

പ്രവർത്തനം എ – നാൽപത്തിയൊൻപത്

പേര് : ചിഹ്നങ്ങൾ

മേഖല: അക്കാദമികം/മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർ ഘ്യം | ചുമതലയുള്ള അധ്യാപകർ |
|---|---|---|---|
| ചിഹ്നങ്ങളുടെ വ്യക്തത | വാക്യങ്ങളോടൊപ്പം ചേർക്കുന്ന ചിഹ്നങ്ങൾ ഏതൊക്കെയാണെന്ന് മനസ്സിലാക്കാൻ | 3 മാസം | ബീന ടി. എ.<br>മെർഫി ഇ.ഒ. |

പ്രവർത്തനം എ – അമ്പത്

പേര് : പദചേർച്ച (സന്ധിപഠനം)

മേഖല:അക്കാദമികം/മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർ ഘ്യം | ചുമതലയുള്ള അധ്യാപകർ |
|---|---|---|---|
| പദങ്ങൾ ചേരുമ്പോഴു ള്ള മാറ്റം അറിയാൻ | വിവിധ പദങ്ങൾ ചേർത്തെഴുതുമ്പോൾ ഒരേപോലെയുള്ളവ ഒരുമിച്ച് ചേർത്ത് എഴുതൽ, അവയുടെ പ്രത്യേകത മനസ്സിലാക്കൽ<br>ഉദാ:പശു + കുട്ടി = പശുക്കുട്ടി ദ്വിത്വസന്ധി<br>പച്ച + ഇല = പച്ചില ലോപസന്ധി<br>തിരു + ആതിര = തിരുവാതിര ആഗമസന്ധി<br>കൺ + നീര് =കണ്ണീര് ആദേശസന്ധി | 4 മാസം | ജിഷ എ. ടി.<br>നീതു വി. പി. |

പ്രവർത്തനം എ – അമ്പത്തിയൊന്ന്

പേര് : വാക്യനിർമ്മിതി

മേഖല: അക്കാദമികം/മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതലയുള്ള അധ്യാപകർ |
|---|---|---|---|
| വാക്യപ്രയോഗം | ഒരു വാക്യം എങ്ങനെ വിപുലീകരിക്കണമെന്ന് (വലുതാക്കണം) മനസ്സിലാക്കാൻ<br>ഉദാ: കിളി പാടി<br>ഒരു കിളി പാടി<br>ഒരു കിളി പാട്ട് പാടി<br>ഒരു കിളി ഒരു പാട്ട് പാടി<br>ഒരു കിളി മരക്കൊമ്പിലിരുന്ന് ഒരു പാട്ട് പാടി | 3 മാസം തുടർച്ച | ബെൻസി ടി. വി.<br>മെർഫി ഇ.ഒ. |

പ്രവർത്തനം എ – അമ്പത്തിരണ്ട്

പേര് : വായന

മേഖല: അക്കാദമികം/മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതലയുള്ള അധ്യാപകർ |
|---|---|---|---|
| പത്രവായന | വീട്ടിൽ നിന്നോ സ്കൂളിൽ നിന്നോ ദിവസവും പത്രം വായിക്കണം. പ്രധാന വാർത്തകൾ എഴുതി വായിക്കണം | 6 മാസം തുടർച്ച | ബീന ടി.എ..<br>ജിന്റോ |

പ്രവർത്തനം എ – അമ്പത്തിമൂന്ന്

പേര് : സാഹിത്യാസ്വാദനം

മേഖല: അക്കാദമികം/മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതലയുള്ള അധ്യാപകർ |
|---|---|---|---|
| സാഹിത്യ മനോഭാവം വളർത്തൽ | പുസ്തകങ്ങൾ വായിക്കാൻ പ്രേരിപ്പിക്കുക പുസ്തകം വായിച്ച് വായനക്കുറിപ്പ് തയ്യാറാക്കൽ മാസത്തിൽ ഒരു പുസ്തകത്തിന്റെയെങ്കിലും വായനക്കുറിപ്പ് എഴുതിയിരിക്കണം | 6 മാസം തുടർച്ച | ബീന ടി.എ.<br>പ്രീതി |

പ്രവർത്തനം എ – അമ്പത്തിനാല്

പേര് : രചന ശിൽപ്പശാല

മേഖല: അക്കാദമികം/മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതലയുള്ള അധ്യാപകർ |
|---|---|---|---|
| ഭാഷാശേഷികളുടെ വികസനം | സാഹിത്യാഭിരുചി വളർത്തുക<br>കഥ, കവിത എഴുതുക<br>അവതരിപ്പിക്കുക | 3 മാസം തുടർച്ച | ജിഷ എ.ടി.<br>ജിന്റോ |
| ദിനാചരണം | എല്ലാ മാസത്തെയും ദിനാചരണങ്ങൾ കൃത്യതയിൽ ആചരിക്കുക | എല്ലാ മാസവും | ജിഷ എ.ടി.<br>ജിന്റോ |

പ്രവർത്തനം എ – അമ്പത്തിയഞ്ച്

പേര് : അക്ഷരശുദ്ധി

മേഖല: അക്കാദമികം/മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതലയുള്ള അധ്യാപകർ |
|---|---|---|---|
| *മലയാളം തെറ്റുകൂടാതെ എഴുതുക<br>*പേര് വാക്യലഘൂകരണം. | എല്ലാ ക്ലാസിലും അക്ഷരമാല എഴുതിക്കുക. അക്ഷരം അറിയാത്ത കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സുകൾ നൽകുക. ആഴ്ചതോറും  പഠന പുരോഗതി വിലയിരുത്തണം. | ഒരു വർഷം | ബീന ടി.എ.<br>ജിന്റോ ജോസ് |

പ്രവർത്തനം എ – അമ്പത്തിയാറ്

പേര് : വാക്യലഘൂകരണം

മേഖല: അക്കാദമികം/മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതലയുള്ള അധ്യാപകർ |
|---|---|---|---|
| ലക്ഷ്യം ഭാഷാപ്രയോഗത്തിലുള്ള വൈദഗ്ധ്യം വർദ്ധിപ്പിക്കുക | *ക്ലാസ്സിൽ പാഠഭാഗങ്ങളോ പുസ്തകങ്ങളോ വായിക്കാൻ അവസരം നൽകുന്നു.<br>*സങ്കീർണവാക്യങ്ങൾ കണ്ടെത്തുന്നു.<br>*അവയെ ലഘുവാക്യങ്ങളാക്കുന്നു. | ഒരു വർഷം | ബീന ടി.എ.<br>ജിന്റോ ജോസ് |

പ്രവർത്തനം എ – അമ്പത്തിയേഴ്

പേര് : ആവിഷ്കാരമികവ്

മേഖല:അക്കാദമികം/മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതലയുള്ള അധ്യാപകർ |
|---|---|---|---|
| *സാഹിത്യ കൃതികൾ ആസ്വദിക്കുന്ന തോടൊപ്പംത ന്നെ നാടകം, ഷോർട്ട് ഫിലിം, സ്കിറ്റ്,മൈം, ചിത്രം തുടങ്ങി വിവിധ രീതിയിൽ ആവിഷ്കരിക്കാ ൻ കഴിവു നേടുന്നു. | *കഥ,കവിത തുടങ്ങിയവ ക്ലാസ്സിൽ പരിചയപ്പെടുത്തുന്നു<br>*കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കുന്നു.<br>*സാധ്യമായ വേറെ കലാ രൂപത്തിൽ ആവിഷ്കരിക്കാൻ അവസരം നൽകുന്നു | ഒരു വർഷം | ജിന്റോ ജോസ്<br>ബീന ടി.എ. |

## ഭൗതികമേഖല

പ്രവർത്തനം ബി ഒന്ന്

പേര് :സ്റ്റാഫ് റൂം സൗകര്യപ്രദമാക്കൽ

മേഖല:ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| അടിസ്ഥാന സൗകര്യ വികസനം | ഹയർ സെക്കന്ററി, ഹൈസ്കൂൾ, അപ്പർ പ്രൈമറി വിഭാഗങ്ങൾക്ക് പ്രത്യേകം ഉപയോഗിക്കുവാൻ കഴിയുന്ന വിധത്തിൽ സ്റ്റാഫ് റൂം വിപുലമാക്കുക. വിദ്യാർ ത്ഥികളുടെ വിവധ പഠന ഉൽപ്പന്നങ്ങൾ, | 2 വർഷം | പി.ടി.എ.<br>ഒ.എസ്.എ.<br>മാനേജ്മെന്റ്, സ്റ്റാഫ് |

| | | | |
|---|---|---|---|
| | റെക്കോർഡുകൾ സൂക്ഷിക്കു ന്നതിനും മറ്റുമായി ഓരോ അധ്യാപകനും ഷെൽഫ് സജ്ജീകരിക്കുക | | |

പ്രവർത്തനം ബി രണ്ട്

പേര് :ഓഫീസ് റൂം സൗകര്യപ്രദമാക്കൽ

മേഖല:ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർ ഘ്യം | ചുമതല |
|---|---|---|---|
| വിദ്യാലയ ആവശ്യത്തിനും പൊതുജനങ്ങൾക്കും ഓഫീസ് സേവനം സുഖമമായി ലഭ്യമാക്കൽ | വിദ്യാലയത്തിലെ മുൻകാല അഡ്മിഷൻ രജിസ്റ്റർ, അറ്റഡൻസ് രജിസ്റ്റർ,ടി.സി. രജിസ്റ്റർ തുടങ്ങിയവ സംരംക്ഷിക്കുന്നതിനും ആവശ്യമായ വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുമായി ഷെൽഫുകൾ സജ്ജീകരിക്കുക | 2 വർഷം | പ്രിൻസിപ്പാൾ, ക്ലർക്ക്, എസ.ആർ.ജി. കൺവിനർ |

പ്രവർത്തനം ബി മൂന്ന്

പേര് :സൗരോർജ്ജ പാനൽ

മേഖല:ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർ ഘ്യം | ചുമതല |
|---|---|---|---|
| പാരമ്പര്യേതര ഊർജ സ്രോതസ്സു കളെ ഉപയോഗ പ്പെടുത്തൽ. ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി വിദ്യാർത്ഥികളെ ബോധ വൽക്കരിക്കുക | കെട്ടിടത്തിനു മുകളിൽ ആവശ്യമായ സൗരോർജ പാനൽ സ്ഥാപിച്ച് വിദ്യാലയത്തിലെ വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കൽ | 3 വർഷം | പി.ടി.എ |

പ്രവർത്തനം ബി നാല്

പേര് :മാലിന്യസംസ്കരണം

മേഖല:ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർ ഘ്യം | ചുമതല |
|---|---|---|---|
| സ്കൂളിലെ മാലിന്യ സംസ്കരണം | പ്രവർത്തനം സ്കൂളിലെ സ്കൂളിലെ പൊതുവായ മാലിന്യങ്ങൾ ,പ്ലാസ്റ്റിക് മാലിന്യം ,ബയോ മാലിന്യം എന്നിങ്ങനെ വേർതിരിക്കുന്നു. പ്ലാസ്റ്റിക് മാലിന്യം ഹരിതസേനയ്ക്ക് കൈ മാറുന്നു. ബയോ മാലിന്യം ഉപയോഗിച്ച് ബയോഗ്യാസ് ഉല്പാദിപ്പിക്കുന്നു. | മൂന്ന് മാസം | ഇക്കോ ക്ലബ്ബ് |

പ്രവർത്തനം ബി അഞ്ച്

പേര് :കുടിവെള്ള ലഭ്യത

മേഖല:ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർ ഘ്യം | ചുമതല |
|---|---|---|---|
| വിദ്യാർത്ഥികൾക്ക് ശുദ്ധജലം യഥേഷ്ടം ലഭ്യമാക്കൽ | കിണർ വെള്ളം ശുദ്ധീകരിക്കുക, ഫിൽ ട്ടർ ജലം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കണം, ടാങ്കിൽ നിന്നും ടോയ്‌ലറ്റ്, വാഷ് ടബ് എന്നിവ യിലേക്ക് തടസമില്ലാതെ ജലം ഒഴുകണം. ക്ലാസ് മുറികളിൽ മൺ കൂജകളിൽ ശുദ്ധ ജലം കുടിക്കുവാൻ അവസരം ഒരുക്കണം | 6 മാസം | ഓഫീസ് അസിസ്റ്റൻഡ്, എം.പി.ടി.എ. |

പ്രവർത്തനം ബി ആറ്

പേര് : വിവിധ ഉദ്ദേശ്യ ഹാൾ

മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർ ഘ്യം | ചുമതല |
| --- | --- | --- | --- |
| വിദ്യാലയത്തിലെ വിവിധ ക്ലബ് പ്രവർത്തനങ്ങൾക്കും വിദ്യാർത്ഥികൾക്ക് സെമിനാർ, ചർച്ച എന്നിവ സംഘടിപ്പിക്കുന്നതിന് | വിദ്യാലയത്തിന്റ മുകൾ ഭാഗം ട്രസ്സ് ചെയ്ത് സുരക്ഷാ വല സ്ഥാപിച്ച് പൊതുസമ്മേളനങ്ങൾക്കും മറ്റുമായി സജ്ജീകരിക്കുക | 3 വർഷം | മാനേജ്മെന്റ് , പി.ടി.എ |

പ്രവർത്തനം ബി ഏഴ്

പേര് : സുന്ദര ശുചിത്വ പരിസരം

മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർ ഘ്യം | ചുമതല |
| --- | --- | --- | --- |
| അനുയോജ്യവും ആകർഷകവുമായ വിദ്യാലയ പരിസരം | വിദ്യാലയത്തിലെ പുറം ഭിത്തിയും അകംഭിത്തിയും പഠന മൂല്യമുള്ളതാക്കുക, ഓരോ ക്ലാസിനും പൂന്തോട്ടം നിർമ്മിക്കുവാനും പരിപാലിക്കുവാനും അവസരമൊരുക്കുക | 3 മാസം | നീതു വി.പി. ഗ്രീൻ പ്രോട്ടോകോൾ ഓഫീസർ |

പ്രവർത്തനം ബി എട്ട്

പേര് : ശൗചാലയ സമുച്ചയം

മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
| --- | --- | --- | --- |
| ശുചിത്വം | സൗകര്യപ്രദമായ സ്ഥലത്ത് മൂന്ന് നിലകളി ലായി ശൗചാലയ സമുച്ചയം നിർമ്മിക്കൽ | 2 വർഷം | പി.ടി.എ. മാനജ്മെന്റ് |

പ്രവർത്തനം ബി ഒൻപത്

പേര് : കംപ്യൂട്ടർ ലാബ്

മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| കമ്പ്യൂട്ടർ ലാബ് ശാസ്ത്രീയമാക്കൽ | പുതിയതായി യു.പി വിദ്യാർത്ഥികൾക്കായി ഒരു കമ്പ്യൂട്ടർ ലാബ് ഒരുക്കുക, പുതിയ ലാപ്ടോപ്പുകൾ ഒരുക്കുക. നിലവിലുള്ള കമ്പ്യൂട്ടർ ലാബ് ടൈൽ വിരിക്കുക | 2 വർഷം | എസ്.എെ.ടി.സി , മാനേജ്മെന്റ് |

പ്രവർത്തനം ബി പത്ത്

പേര് : സാമൂഹ്യശാസ്ത്രലാബ്

മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം ലളിതവും മധുരവുമാക്കൽ | അടച്ചുറപ്പുള്ള ക്ലാസ് മുറിയിൽ പ്രൊജക്ടറും അനുബന്ധ സാമാഗ്രികളും സജ്ജീകരിക്കുക.ഭൂപടങ്ങൾ, ഗ്ലോബുകൾ, ചരിത്ര പുസ്തകങ്ങൾ, സി.ഡി.കൾ,ചരിത്ര സിനിമകൾ എന്നിവ ശേഖരിച്ച് അലമാരിയിൽ സൂക്ഷിച്ച് ആവശ്യാനുസരണം അധ്യാപകർക്ക് ഉപയോഗിക്കുവാൻ ലഭ്യമാക്കുക | 2 വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

പ്രവർത്തനം ബി പതിനൊന്ന്

പേര് : ഗണിതശാസ്ത്ര ലാബ്

മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| ഗണിത പഠനം അനായാസവും സുഖമവും ആക്കാൻ | ഗണിത രൂപങ്ങൾ, ജ്യാമിതീയപ്പെട്ടി, റോളർ ബോർഡുകൾ, ക്ലൈനോ മീറ്ററുകൾ എന്നിവ ഉപയോഗിച്ച് പ്രായോഗിക പ്രവർത്തനം നടത്തുവാൻ അധ്യാപകർക്ക് ലാബ് ഒരുക്കുക | 1 വർഷം | ഗണിത ശാസ്ത്ര അധ്യാപകർ |

പ്രവർത്തനം ബി പന്ത്രണ്ട്

പേര് : വാഹനഷെഡ്

മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| സുരക്ഷിതമായ വാഹന പാർക്കിങ്ങ് | എച്ച്.എസ്.എസ് കെട്ടിടത്തിലെ കംപ്യൂട്ടർ ലാബിന്റെ പുറകിൽ വിദ്യാർത്ഥികളുടെ സൈക്കിളും, അധ്യാപകരുടെ ഇരുചക്രവാഹനങ്ങളും സൂക്ഷിക്കുന്നതിനായി വാഹന ഷെഡ് നിർമ്മിക്കുക | 1 വർഷം | പി.ടി.എ. |

പ്രവർത്തനം ബി പതിമൂന്ന്

പേര് : മാലിന്യസംസ്കരണം

മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതി നുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | 1 വർഷം | എസ്.എസ്.ജി. |

# സാമൂഹിക മേഖല

പ്രവർത്തനം സി ഒന്ന്

പേര് : പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ

മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| സമൂഹ പങ്കാളിത്വം ഉറപ്പാക്കൽ | വിവിധ ബാച്ചുകളിലായി പൂർവ്വവിദ്യാർ ത്ഥി സംഗമം വിളിച്ചു ചേർക്കൽ. അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ/ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | എസ്.എസ്.ജി, ഒ.എസ്.എ |

പ്രവർത്തനം സി രണ്ട്

പേര് : പൂർവ്വാദ്ധ്യാപക സംഗമം

മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | അദ്ധ്യാപക ഹാജർ ബുക്ക് പരിശോധിച്ച് പൂർവ്വാദ്ധ്യാപകരെ വിളിച്ചുചേർത്ത് സമിതി രൂപീകരിക്കൽ | 2 വർഷത്തിലൊരിക്കൽ | സ്റ്റാഫ് കൗൺ സിൽ |

പ്രവർത്തനം സി മൂന്ന്

പേര് : പ്രാദേശിക പി.ടി.എ. യോഗങ്ങൾ

മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി.ടി.എ. യോഗങ്ങൾ ചേരൽ | വർഷത്തിൽ ഒരുപ്രാവശ്യം | എസ്.എസ്.ജി, എസ്.ആർ.ജി. |

പ്രവർത്തനം സി നാല്

പേര് :വായനാക്കൂട്ടം

മേഖല:സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹമായി പങ്കിടൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ, നാട്ടിലെ വായനാതല്പർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകൽ, നല്ല വായനക്കാരനെ ആദരിക്കൽ | ആവശ്യാനുസരണം | ഭാഷാ അദ്ധ്യാപകൻ |

പ്രവർത്തനം സി അഞ്ച്

പേര് :പുസ്തക സമാഹരണം

മേഖല:സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | അദ്ധ്യാപകരും കുട്ടികളും അടങ്ങുന്ന ചെറുസംഘം വായനയുടെ പ്രാധാന്യം വ്യക്തമാക്കുന്ന പ്ലക്കാർഡുകളുമായി സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ച് ഗ്രന്ഥ ശാലയിലേക്ക് ആവശ്യമായ പുസ്തങ്ങൾ ശേഖരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി, സ്കൂൾ പാലിമെന്റ് |

പ്രവർത്തനം സി ആറ്

പേര് :സ്കൂൾ പത്രം

മേഖല:സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങൾ പൊതുസമൂഹത്തെ അറിയിക്കൽ | വിദ്യാലയത്തിന്റെ സമീപമുള്ള റോഡുകളിലെ കവലകളിൽ വിദ്യാലയത്തിന്റെ ഗ്രാമപത്രം നിർമ്മിക്കൽ. ചുമതലപെടുത്തിയിരിക്കുന്ന കുട്ടികൾ | പ്രതിദിനം | എസ്.ആർ.ജി. സ്കൂൾ പാർലമെന്റ് |

| | | | |
|---|---|---|---|
| | ദിവസവും വിദ്യാലയ സംബന്ധമായ മികവുകളും വാർത്തകളും അറിയിപ്പുകളും ഗ്രാമപത്രത്തിൽ എഴുതൽ | | |

**പ്രവർത്തനം സി ഏഴ്**

**പേര് : കാരണവകൂട്ടം**

**മേഖല: സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്ന തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നു | വിദ്യാലയ പരിസരത്ത് താമസിക്കുന്ന 80 വയസ്സിനു മുകളിൽ പ്രായമുള്ളവരെ അതിഥികളായി സ്കൂളിലേക്ക് ക്ഷണിക്കുന്നു. നിശ്ചിത ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ കുട്ടികൾ ആശയ വിനിമയം നടത്തുന്നു. വിവരണം തയ്യാറാക്കുന്നു | വർഷത്തിൽ ഒന്നുവീതം | ഒ.എസ്.എ. എസ്.ആർ.ജി. |

**പ്രവർത്തനം സി എട്ട്**

**പേര് : ഹരിതഗ്രാമം**

**മേഖല: സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| ഗ്രാമവീഥികളെ പരമാവധി ഹരിതാഭമാക്കൽ | വിദ്യാലയത്തിലേക്കുള്ള വിവധ വഴികളിൽ പരമാവധി തണൽ മരങ്ങൾ വച്ചു പിടിപ്പിക്കൽ. അവയുടെ പരിപാലനം ഗ്രൂപ്പ് തിരിച്ച് കുട്ടികൾക്ക് നൽകൽ. സമീപത്തെ ക്ലബ്ബുകൾ, വായന ശാലകൾ തുടങ്ങിയവയെ പദ്ധതിയിൽ പങ്കെടുപ്പിക്കാം | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. സ്കൂൾ പാർലിമെന്റ് |

പ്രവർത്തനം സി ഒൻപത്

പേര് : ജീവകാരുണ്യം

മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|
| വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | വിദ്യാലയത്തിലെ മുഴുവൻ അദ്ധ്യാപകരും ഇതര ജീവനക്കാരും ഭക്ഷണ പൊതികൾ കൊണ്ടുവരുന്നു. സമീപത്തുള്ള അനാഥാലയം, ആശുപത്രി എന്നിവയ്ക്ക് വിദ്യാർത്ഥികൾ എത്തിച്ചുകൊടുക്കുന്നു | വർഷത്തിൽ 3 പ്രാവശ്യം | എസ്.ആർ.ജി. |

## എസ്.പി.സി.

വിദ്യാർത്ഥികൾക്ക് സാമൂഹ്യബോധവും, നിയമങ്ങളോടുള്ള ആദരവും, സമൂഹത്തിലെ ദുർബലരോട് സഹാനുഭൂതിയും, സഹവർത്തിത്വവും ഉത്തരവാദിത്വബോധവുമുള്ള തലമുറയെ വാർത്തെടുക്കാൻ സ്റ്റുഡന്റസ് പോലീസ് കേഡറ്റ് പദ്ധതി പ്രാപ്തരാക്കുന്നു.

എട്ടാം ക്ലാസ്സിലെ SPC പ്രവർത്തനങ്ങളിൽ താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് എഴുത്ത് പരീക്ഷയും കായികക്ഷമത പരീക്ഷയും നടത്തി 22 വീതം ആൺകുട്ടികളെയും പെൺകുട്ടികളെയും തെരഞ്ഞെടുക്കുന്നു.

തുടർന്ന് പോലീസ് വകുപ്പിൽ നിന്നും ഡ്രിൽ ഇൻസ്ട്രക്ടർമാർ സ്കൂളിൽ പദ്ധതി നടപ്പിലാക്കാൻ തിരഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാരായ അധ്യാപകർ എന്നിവർ വിദ്യാർത്ഥികൾക്ക് പി ടി, പരേഡ്, ഇൻഡോർ ക്ലാസുകൾ, ഔട്ട്ഡോർ ക്ലാസുകൾ എന്നിവ നൽകുന്നു. സമൂഹത്തിന്റെ നാനാ തുറയിലുള്ള വിദഗ്ദ്ധർ നൽകുന്ന ക്ലാസുകൾ നിരന്തരം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു.

ചിട്ടയായ കഠിനമായ ട്രെയിനിങ് SPC യുടെ മുഖമുദ്രയാണ് .അച്ചടക്കമുള്ള ധാർമികബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ SPC ഉപകരിക്കുന്നു.

## ജെ ആർ സി യൂണിറ്റ്

ജൂനിയർ റെഡ്ക്രോസിന്റെ ഈ അധ്യയന വർഷ പ്രവർത്തനങ്ങൾ ജൂൺ രണ്ട് പ്രവേശനോത്സവത്തോടെ ആരംഭിച്ചു. First Aid ബോധവൽക്കരണപരിപാടി JRC cadet കളുടെ നേതൃത്വത്തിൽ നടക്കുകയുണ്ടായി. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് വോക്കത്തോൺ,റാലി,ഫ്ലാഷ് മോബ് എന്നിവ സംഘടിപ്പിച്ചു. July 31 ന മുൻപ് ജെ.ആർ.സി പുതിയ കേഡറ്റുകളെ വെബ് സൈറ്റിൽ ചേർത്ത് യൂണിറ്റ് പൂർത്തിയാക്കുന്ന പ്രവർത്തനം നടത്തുവാൻ തീരുമാനിച്ചു.ഹിരോഷിമ നാഗസാക്കി ദിനം, ഹൃദയ ദിനം, രക്ത ദാന ദിനം തുടങ്ങിയ ദിനാചരണങ്ങൾ ആചരിക്കുവാൻ ധാരണയായി.'സ്കൂൾ മുറ്റത്തൊരു തേന്മാവ് ' പദ്ധതി, സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയെ സഹായിക്കാനായി 'ഹരിതാങ്കണം' പദ്ധതി, 'സഹപാഠിക്കൊരു സ്വാന്തനം ' പദ്ധതി എന്നിവ ഈ അധ്യയന വർഷത്തിൽ നടപ്പാക്കുവാൻ തീരുമാനിച്ചു.

ആതുരാലയ സന്ദർശനം, ട്രാഫിക് ബോധവൽക്കരണ ക്ലാസുകൾ ,പ്രഥമ ശുശ്രൂഷ സെമിനാർ തുടങ്ങിയവ നടത്താനും തീരുമാനിച്ചിട്ടുണ്ട്. JRC യുടെ A,B, C Level പരീക്ഷകൾ സംസ്ഥാന കമ്മിറ്റി നൽകുന്ന നിർദ്ദേശത്തിനനുസരിച്ച് ഫെബ്രുവരിക്ക് മുൻപ് പൂർത്തിയാക്കാൻ ധാരണയായി.

## സ്കൗട്ട് & ഗൈഡ്സ്

തിരൂർ സെന്റ് തോമസ് ഹൈസ്കൂളിൽ നിന്നും ഈ വർഷം 12 സ്കൗട്ടും 5 ഗൈഡ്സും രാജപുരസ്കാർ അവാർഡിന് അർഹരായി.

2025 -2026 വർഷത്തിലേക്ക് പുതുതായി 10 സ്കൗട്ടും 7 ഗൈഡ്സും യൂണിറ്റിൽ ചേർന്ന് പ്രവർത്തിക്കാൻ യോഗ്യത നേടി. സ്കൗട്ട്സ് & ഗൈഡ്സിലേക്ക് പുതുതായി ചേരുന്ന അംഗങ്ങൾക്ക് Investiture ceremony നടത്തിവരുന്നു. എല്ലാ ബുധനാഴ്ചകളിലും സ്കൗട്ട്സ് & ഗൈഡ്സ് വിദ്യാർത്ഥികൾ യൂണിഫോമിൽ വരികയും അറ്റൻഡൻസ് രേഖപ്പെടുത്തുകയും സ്കൂൾ അസംബ്ലിയിൽ പങ്കെടുക്കുകയും ചെയ്യുന്നു. അന്നേദിവസം Troop /Company മീറ്റിംഗ് നടത്തുകയും ചെയ്യുന്നു. ഓരോ ദിവസവും നല്ല പ്രവർത്തികൾ ചെയ്യാനുള്ള പ്രോത്സാഹനം ഈ സംഘടന നൽകിവരുന്നു. കൂടാതെ സ്കൂളുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും ആവശ്യമായ സേവനങ്ങൾ നൽകുകയും ചെയ്യുന്നു. വർഷംതോറും സ്കൗട്ട്സ് & ഗൈഡ്സ് വിദ്യാർത്ഥികൾക്കായി ക്യാമ്പ്, ഹൈക്ക് എന്നിവ നടത്തുന്നു. ഓരോ വർഷവും ദ്വിതീയ, തൃതീയ, രാജപുരസ്കാർ പരീക്ഷകൾക്കായി യൂണിറ്റ് അംഗങ്ങൾക്ക് പരിശീലനം നൽകുന്നു.ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സ്കൗട്ട്സ് & ഗൈഡ്സ് വിദ്യാർത്ഥികളോട് വീട്ടിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കാൻ നിർദ്ദേശം നൽകി. ജൂൺ 26 ലോക ലഹരി വിരുദ്ധ ദിനവുമായി ബന്ധപ്പെട്ട് കോലഴി പഞ്ചായത്ത് ഓഫീസിനു മുന്നിലേക്ക് റാലിയും അവിടെ ഫ്ലാഷ് മോബ് അവതരിപ്പിക്കുകയും ചെയ്തു.

## ലിറ്റിൽകൈറ്റ്സ് 2025-26

2025-26 അധ്യയന വർഷത്തെ Little Kites പ്രവർത്തനങ്ങക്കായി ഒരു രൂപ രേഖ തയ്യാറാക്കി. ഈ വർഷവും 40 വിദ്യാർഥികൾക്ക് ക്ലബ്ബിൽ അംഗത്വം നൽകി. IT Fest കൂടുതൽ മികവാർന്ന പ്രവർത്തനങ്ങളുമായി നടത്താൻ തീരുമാനിച്ചു. ഉപജില്ലാ തല പങ്കാളിത്വം എല്ലാ item ത്തിലും ഉറപ്പാക്കി. youtube വീഡിയോ നിർമ്മാണത്തിനായി ഒരു ടീമിനെ തെരഞ്ഞെടുത്തു. പുതിയതായി സ്കൂൾ വാർത്തകൾ അടങ്ങിയ പത്രം എല്ലാ മാസവും ഇറക്കാൻ തീരുമാനിച്ചു. സ്കൂളിനെ കുറിച്ചുള്ള ഒരു ഡോക്യുമെൻററിയും തയ്യാറാക്കാനുള്ള ആസൂത്രണം നടത്തി

### ഉപസംഹാരം

'ഒരു വിദ്യാലയം തുറക്കുമ്പോൾ ഒരു ജയിൽ അടയ്ക്കുന്നു' വെന്ന് മഹാസാഹിത്യ കാരനായ വിക്ടർ ഹ്യൂഗോ പറഞ്ഞിട്ടുള്ളത്. വിദ്യാലയമെന്നത് ഓരോ നാടിന്റെയും സംസ്കാരത്തിന്റെയും കളിമുറ്റമാണ്. തലമുറകളെ വാർത്തെടുക്കുന്ന കേന്ദ്രമാണത്. ഒരു വിദ്യാലയത്തിന് അതിന്റെ ലക്ഷ്യങ്ങളിലേക്ക് എത്തണമെങ്കിൽ ഭൗതികമായ ഒട്ടേറെ സൗകര്യങ്ങൾ ആവശ്യമാണ്. നല്ല കെട്ടിടം, ഫർണീച്ചർ, ഗ്രൗണ്ട്, ഹാൾ, കംപ്യൂട്ടർ, ലൈബ്രറി, ലാബ് എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. മികച്ച അധ്യാപകരും പഠിക്കാനാഗ്രഹമുള്ള കുട്ടികളുമുണ്ടെങ്കിലും പലപ്പോഴും പരിമിതമായ ഭൗതിക സാഹചര്യങ്ങളിൽ വീർപ്പുമുട്ടി കുരുങ്ങിക്കിടക്കുകയാണ് വിദ്യാലയം.ഈ പരിമിതികൾ മറികടന്നാൽ നൂറുമേനി വിജയം കൊയ്യാൻ ഏത് വിദ്യാലയത്തിനും സാധിക്കു മെന്നതിൽ സംശയമില്ല. പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ടുതന്നെ ഇവിടത്തെ വിദ്യാർത്ഥികൾ നേടിയ ഉന്നത വിജയങ്ങൾ പരിശോധിച്ചാൽ ഈ വസ്തുത മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ടുതന്നെ ഒരുദേശം മുഴുവൻ അറിവിന്റെ വിളക്കു കൊളുത്തിയ ഈ വിദ്യാലയം ഇനിയും ഭൗതികമായി മെച്ചപ്പെടേണ്ടത് കാലത്തിന്റെയും ദേശത്തിന്റെയും ആവശ്യമാണ്. മികവിന്റെ കേന്ദ്രമാക്കി മാറ്റുവാൻ അക്കാദമികവും ഭൗതികവും സാമൂഹ്യകവുമായ പ്രവർത്തന പദ്ധതികളാണ് ഇവിടെ സമർപ്പിക്കുന്നത്. ഈ പദ്ധതികൾ പ്രാവർത്തികമായാൽ ഈ വിദ്യാലയം അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാലയങ്ങളിൽ ഒന്നായി മാറുമെന്നതിൽ സംശയമില്ല.

കുറിപ്പ് : അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് വിവിധ തലങ്ങളിലുള്ള ചർച്ചകൾക്കും ആശയ രൂപീകരണത്തിനും നേതൃത്വം നൽകിയവരെ നന്ദിയോടെ ഓർക്കുന്നു.

റവ.ഫാ.പോൾസൺ പാലത്തിങ്കൽ(മാനേജർ), കൃഷ്ണൻകുട്ടി(വാർഡ് മെമ്പർ)റൈജു പി.ഡി. (പി.ടി.എ. പ്രസിഡന്റ്), ബിത ഫ്രാൻസിസ് തരകൻ (ഹെഡ്മിസ്ട്രസ്)ജോഫി പി. ജെ. (പ്രിൻസിപ്പാൾ)ബെൻസി ടി.വി. (ഫസ്റ്റ് അസിസ്റ്റൻഡ്), ലിയ സിനോ (എസ്.ഐ.ടി.സി),സിജോ പി.സി.(യു.പി.എസ്.എ)ബിജു പി ആന്റണി (സ്റ്റാഫ് സെക്രട്ടറി), ബീന ഇഗ്നേഷ്യസ് കെ. (എസ്.ആർ.ജി.കൺവീനർ), ജോബി സി. ജെ. (എസ്.എസ്.എ.കൺവീനർ), റെന്നി ഡേവിസ് (അനധ്യാപിക പ്രതിനിധി), സി.ജെ. വില്യംസ്(സ്കൂൾ വികസന സമിതി).